# ആത്മപോഷിണി

പുസ്തകം ൨. | ൧൦൮൯ കക്കിടകം | ലക്കം ൧.

## മംഗളം.

ദേവചരനൊരുവൻതൻ ബാണമേററിട്ടു ദീനാ-
രവമൊടു പിടയുന്നാപ്പക്ഷിയെക്കാണ്കയാലേ
എവനിയലിന ശോകം ശ്ലോകമായ് ത്തീൎന്നു പണ്ടാ;-
ക്കവനനിധി നമുക്കേകട്ടെ കാവ്യാവഗാഹം!

## ഭാഷാഭാരതം — ചമ്പു.

### ഒരു വിമൎശനം.

[1]

മലയാളഭാഷയിൽ ഉൽകൃഷ്ടഗ്രന്ഥങ്ങൾ വളരെ കുറവാണെന്നു് അഭിപ്രായപ്പെടുന്നവരും, ഗ്രന്ഥദൌൎല്ലഭ്യത്തെക്കുറിച്ചു വ്യസനിക്കുന്നവരും പലരുമുണ്ടു്. എന്നാൽ പഴയ പുസ്തകങ്ങളെ വേണ്ടതുപോലെ അന്വേഷിക്കയും, അവയുടെ ഗുണദോഷങ്ങളെക്കുറിച്ചു വിമൎശിച്ചു പ്രകാശിപ്പിക്കയും ചെയ്യുന്നവർ വളരെ ചുരുങ്ങും. ഇങ്ങനെയുള്ള മഹാന്മാരുടെ നിരൂപണനികഷത്തിന്മേലുള്ള സംഘൎഷണത്തിനു ലക്ഷീഭവിക്കായ്കയാൽ, പ്രാചീനങ്ങളായ പല വിശിഷ്ടഗ്രന്ഥരത്നങ്ങളുടേയും കാന്തിപൌഷ്കല്യം കാനനചന്ദ്രികാസാഹചൎയ്യത്തെ പ്രാപിച്ചു സാധാരണജനങ്ങൾക്കു് അഗോചരവും നിഷ്ഫലവുമായിട്ടാണിരിക്കുന്നതു്. ഇത്തരം ഉത്തമകൃതികളുടെ കൂട്ടത്തിൽ ഗണ്യമായ ഒരു വിശിഷ്ടഗ്രന്ഥമാകുന്നു, പുനംനമ്പൂതിരി എന്ന പണ്ഡിതവീരനാൽ നിൎമ്മിക്കപ്പെട്ടിട്ടുള്ള 'ഭാഷാഭാരതചമ്പു'.

ഭാഷാഭാരതചമ്പുവിന്റെ കൎത്താവു പുനംനമ്പൂതിരിയാണെന്നുള്ള എന്റെ അ

ഭിപ്രായത്തെ ഞാൻ സ്പഷ്ടമായി പറഞ്ഞുകഴിഞ്ഞു; എങ്കിലും, ഇതിനോടു യോജിക്കാത്തവർ പലരുമുള്ളതിനാൽ അവരുടെ മതത്തെക്കുറിച്ച് അല്പം പര്യാലോചന ചെയ്യേണ്ടിയിരിക്കുന്നു. രാമായണചമ്പു, നൈഷധചമ്പു, ചെല്ലൂർമാഹാത്മ്യം എന്നീ കൃതികളുടെ കർത്താവു മഹിഷമംഗലം നമ്പൂതിരിയാണെന്നു ഭാഷാചരിത്രകർത്താവു പറയുന്നു. ഈ അഭിപ്രായത്തെ ശരിയായ കാരണംകൊണ്ടു സ്ഥാപിച്ചിട്ടില്ല. രാമായണം, ഭാരതം, രാജരത്നാവലീയം, ബാണയുദ്ധം, മുതലായ പ്രബന്ധങ്ങളുടെ കർത്താവു പുനംനമ്പൂതിരിയും നൈഷധചമ്പുവിൻെറ കർത്താവു മഹിഷമംഗലം നമ്പൂരിയും ആണെന്നു പറയുന്നതിനാണ് യുക്തിയും ന്യായവും കാണുന്നത്. രാമായണാദിചമ്പുക്കളും നൈഷധചമ്പുവും ഒരാളുടെ കൃതിയല്ലെന്നും നൈഷധചമ്പുവിനെക്കാൾ ഏറെക്കുറെ പ്രാചീനമാണ് രാമായണചമ്പു എന്നും സാധിക്കുന്നതിന്നു, രാമായണാദി ചമ്പുക്കളിലേയും നൈഷധചമ്പുവിലേയും ഭാഷാരീതി തന്നെ ധാരാളം സഹായിക്കുന്നുണ്ട്. ഒപ്പം, കയ്യൻ, ഉളാം, പല്ലാൾ, നല്ലെ, നല്ലനാം മുതലായ പല പഴയ പദങ്ങളും നൈഷധചമ്പുവിൽ ചുരുക്കമായിട്ടേ കാണുന്നുള്ളൂ. ഈവക പദങ്ങളുടെ പ്രയോഗം രാമായണാദി ചമ്പുക്കളിൽ സുലഭമാകുന്നു. പല സംസ്കൃതകൃതികളിലേയും ആശയങ്ങളെ രാമായണാദി ചമ്പുക്കളിൽ ധാരാളമായി ഭാഷപ്പെടുത്തി ചേർത്തിട്ടുണ്ട്. ചിലപ്പോൾ സംസ്കൃതകൃതികളിലെ പദ്യങ്ങളെ അങ്ങനെ തന്നെയും ഉപയോഗിച്ചിട്ടുള്ളതായിക്കാണാം. ഇങ്ങനെ ഒരേപ്പാടു, നൈഷധചമ്പൂകർത്താവിനെ സംബന്ധിച്ചിടത്തോളം, ഇല്ലെന്നു തന്നെ പറയാം. ഈ കാരണങ്ങളാൽ നൈഷധചമ്പുവിൻെറ കർത്താവല്ല രാമായണാദി ചമ്പുക്കൾ നിർമ്മിച്ചിട്ടുള്ളതെന്നു സ്പഷ്ടമാകുന്നു. രാജരത്നാവലീയം, ബാണയുദ്ധം, രാമായണം, ഭാരതം എന്നീ പ്രബന്ധങ്ങളിൽ ഒന്നിലെ ശ്ലോകങ്ങളേയും ആശയങ്ങളേയും തന്നെ മററവയിലും കാണാവുന്നതുകൊണ്ട് ഇവയുടെ എല്ലാം കർത്താവ് ഒരാളുതന്നെ എന്നു ചരിത്രദൃഷ്ട്യാ തെളിയുന്നു. ഈ കവി പുനംനമ്പൂരി തന്നെയാണെന്നു വിശ്വസിക്കാനാണ് ന്യായമുള്ളത്.

> "ത്രൈലോക്യസ്തുതകീർത്തിമാസ്തികജനാം-
> ലംബാ ഭവന്തം പുരൊ
> ദർശം ദർശമയം ജനോ മുദിതധീ-
> രേതാവദാശംസതേ
> ധാത്രീ കല്പജലാഭിഷേകവിധിനാ
> ക്ലിന്നേ ക്ഷണേകുത്രചി-
> ന്നോ ജഹ്യാത്തിലകം ഭവന്മയമിയം
> സപ്താബ്ധിചിത്രാംബരാ."

എന്ന രാമായണചമ്പുവിലെ പദ്യത്തിൻെറ ഉത്തരാർദ്ധത്തിലെ ആശയം 'താരിത്തനചീ'ത്യാദി പ്രസിദ്ധ ശ്ലോകത്തിൻെറ അന്ത്യാർദ്ധത്തിലും കാണുന്നു. അതിനാൽ ഇവ ഒരാളുടെ എന്നു വിശ്വസിക്കുന്ന പക്ഷവും, പുനം ആണ് രാമായണചമ്പുവിൻെറ കർത്താവെന്നു സിദ്ധിക്കുന്നു. ഇവയിൽ ഒരാളുടെ കർത്താവ് ഇന്ന ആളാണെന്നറിഞ്ഞാൽ, മററവയുടെ കർത്താവിനെ അറിയാനും പ്രയാസമില്ല. "ഗദ്യപദ്യൈരനേകൈഃ" എന്നു ചന്ദ്രോത്സവത്തിൽ പറഞ്ഞിരിക്കുന്നതിനാൽ, ചില ചമ്പുക്കളുടെ കർത്തൃത്വം പുനത്തിൽ സ്ഥാപി

ക്കാതിരിപ്പാൻ നിവൃത്തിയില്ല. പുനത്തിന്റെ വകയായി വേറെ ചമ്പുക്കൾ കാണുന്നുമില്ല. ഈ വക കാരണങ്ങൾ എല്ലാം കൊണ്ടും രാമായണാദിചമ്പുക്കളുടെ കർത്താവു പുനം ആണെന്നും അദ്ദേഹം തന്നെയാണ് ഭാരതചമ്പുവും നിർമ്മിച്ചതെന്നും സിദ്ധിക്കുന്നു. 'കൃഷ്ണഗാഥാ' കർത്താവാണ് ഈ പുനം എന്നു 'രസികരഞ്ജിനി' അഭിപ്രായപ്പെട്ടതിനെ ഇവിടെ വിസ്മരിക്കുന്നില്ല. 'രസികരഞ്ജിനി'യുടെ ഈ മതത്തെ കൃഷ്ണഗാഥാനിരൂപകൻ സയുക്തികം ഖണ്ഡിച്ചിട്ടുള്ളതിനാൽ ഈ വിഷയത്തിൽ കൃഷ്ണഗാഥാനിരൂപകനോടു യോജിക്കയേ ഇവിടെ ചെയ്യുന്നുള്ളൂ.

കോഴിക്കോട്ടു സാമൂതിരിയുടെ വിദ്വത്സദസ്സിലെ പ്രസിദ്ധനായ 'അരക്കവി' നമ്മുടെ പുനമാണെന്നുള്ള ഐതിഹ്യത്തെ വിശ്വസിക്കുന്ന പക്ഷം കൊല്ലവർഷം ൬൦൦-നു മേൽ പുനം ജീവിച്ചിരുന്നു എന്നു കരാമലകം പോലെ സ്പഷ്ടീഭവിക്കുന്നു. പുനത്തിന്റെ ജീവിതകാലത്തെക്കുറിച്ചു ഭിന്നാഭിപ്രായമുള്ളതിനാൽ അതിനെ ഖണ്ഡിക്കാതെ മുമ്പറഞ്ഞ അഭിപ്രായത്തെ സ്ഥാപിക്കാൻ നിവൃത്തിയില്ല. പുനം ചന്ദ്രോത്സവകർത്താവിന്റെ കാലത്തു ജീവിച്ചിരുന്നു എന്നും ചന്ദ്രോത്സവകർത്താവു പ്രഖ്യാതനായ മേല്പത്തൂർ ഭട്ടതിരി ആണെന്നും ചില യോഗ്യന്മാർ അഭിപ്രായപ്പെട്ടിട്ടുള്ളതാണ് നമുക്കിവിടെ എതിരായി നില്ക്കുന്നത്. ഈ അഭിപ്രായം ഭാഷാചരിത്രത്തിൽ അങ്കിതവും ഇയ്യിടയിൽ ചില പ്രസിദ്ധസഹൃദയന്മാരാൽ പോഷിതവും ആകുന്നു.

ചന്ദ്രോത്സവകർത്താവിന്റെ കാലത്തു പുനം ജീവിച്ചിരുന്നു എന്നതിനു അവർ കാണിക്കുന്ന പ്രമാണങ്ങൾ,

൧) മദയതി പുനമിന്നും ഭൂരി ഭൂചക്രവാളം
൨) മധുരമൊഴി പുനമെന്നാസ്സൽക്കവീന്ദ്രേണ.........
൩) ശാകുന്തളം തദനു മാളവികാഗ്നിമിത്രം.........

എന്നിങ്ങനെ ഉള്ള ചന്ദ്രോത്സവഭാഗങ്ങളാകുന്നു. ഇതിൽ ഒന്നാം ഭാഗത്തിലെ 'മദയതി ഇന്നും' എന്നുള്ള പദങ്ങളുടെ പ്രയോഗംകൊണ്ടു പുനം ചന്ദ്രോത്സവകർത്താവിന്റെ കാലത്തു ജീവിച്ചിരുന്നതായി തെളിയുന്നില്ല. വിശേഷിച്ചും 'ഇന്നും' എന്നപദത്തിൽനിന്നു — വളരെക്കാലം കഴിഞ്ഞിട്ടും — എന്ന അർത്ഥമാണ് ഗ്രഹിക്കേണ്ടത്. "കവികുലഹൃദയാംഭോജമജ്ജം ഭാരവിർഭാരവിരുല കിടമിന്നും ഭാസയത്യാത്മഭാസാ" — ഇത്യാദി ഭാഗങ്ങളിലെ 'ഇന്നും' എന്ന പദപ്രയോഗങ്ങളെക്കുറിച്ചാലോചിച്ചാൽ ഈ കാര്യം അനായാസേന സ്പഷ്ടമാകും. മുൻപറഞ്ഞ ഭാഗത്തിലെ 'ഇന്നും' എന്ന പ്രയോഗത്താൽ ഭാരവിയും ചന്ദ്രോത്സവകർത്താവിന്റെ കാലത്തു ജീവിച്ചിരുന്നു എന്നുപറയുന്നതു യുക്തമാവുകയില്ലല്ലോ. 'കാളിദാസൻ കവിതകൊണ്ട് ഇന്നും ലോകത്തെ ആഹ്ലാദിപ്പിക്കുന്നു' എന്നുപറഞ്ഞാൽ കാളിദാസൻ ഇന്നും ജീവിച്ചിരിക്കുന്നതായി സങ്കല്പിക്കുന്നത് എത്രമാത്രം ശരിയായിരിക്കും? ഇതുപോലെയാണ്, 'മദയതി' 'ഇന്നും' എന്നിപദങ്ങളെ ആശ്രയിച്ചു ചെയ്യുന്ന വാദവും. 'ഇന്നും' എന്ന പദത്തിന്റെ അർത്ഥത്തെക്കുറിച്ചാലോചിച്ചാൽ ചന്ദ്രോത്സവകർത്താവിനു വളരെ മുമ്പാണ് പുനം ജീവിച്ചിരുന്നതെന്നു

വ്യക്തമാകും. ചന്ദ്രോത്സവകർത്താവിൻെറ കാലത്തു 'ചന്ദ്രോത്സവം'കഥ നടന്നതായി വിശ്വസിക്കയും സ്ഥാപിക്കയും ചെയ്താൽ മാത്രമേ, 'മധുമൊഴിപുനമെന്നാ...' ഇത്യാദി ഭാഗങ്ങളെ ആശ്രയിച്ച് ചന്ദ്രോത്സവകർത്താവിൻെറ കാലത്തു പുനം ജീവിച്ചിരുന്നു എന്നു സാധിക്കാൻ കഴികയുള്ളു. വളരെ മുമ്പു നടന്നതായി സങ്കല്പിച്ചു രചിച്ചിട്ടുള്ള ഒരു കഥയിൽ തനിക്കു പ്രത്യേകം ബഹുമാനമുള്ള ഒരു പഴയ കവിയുടെ പേരു കൂടി ഘടിപ്പിച്ചിട്ടുണ്ടെന്നല്ലാതെ, അതിൽനിന്നും ഇപ്രകാരം ഒരു ഊഹത്തിനു ന്യായമേ കാണുന്നില്ല. 'ശാകുന്തളേ' ത്യാദി പദത്തിൽ നിന്നും മണിപ്രവാളം ചന്ദ്രോത്സവകർത്താവിൻെറ കാലത്തിനു മുമ്പില്ലാതിരുന്നതായി എങ്ങിനെവിശ്വസിക്കാം? 'മദയതി പുനമിന്നും ഭൂരിഭൂചക്രവാളം' എന്ന ഭാഗത്തിലെ 'ഇന്നും' എന്ന പദപ്രയോഗം കൊണ്ടു പുനം ചന്ദ്രോത്സവകാരൻെറ വളരെ മുമ്പു ജീവിച്ചിരുന്നു എന്നും, അദ്ദേഹത്തിൻെറ കൃതികളെ ഉദ്ദേശിച്ചാണ് 'ഭാവമധുരം ച മണിപ്രവാളം' എന്നു ചന്ദ്രോത്സവകർത്താവു പറഞ്ഞിരിക്കുന്നതെന്നും ആണ് എൻെറ അഭിപ്രായം. പുനം ചന്ദ്രോത്സവകർത്താവിൻെറ കാലത്തു ജീവിച്ചിരുന്നു എന്നുള്ള അഭിപ്രായം വിശ്വസിക്കുന്നതിനു വേണ്ട ന്യായങ്ങളും യുക്തികളും കാണുന്നില്ല.

മേല്പുത്തൂർ ഭട്ടതിരിയാണ് ചന്ദ്രോത്സവകർത്താവ് എന്നുള്ള അഭിപ്രായവും എനിക്കു സ്വീകാര്യമായി തോന്നുന്നില്ല. 'വിഷമമിതചികിത്സ്യം വമ്പെഴും നമ്പിയാലും' എന്ന ചന്ദ്രോത്സവഭാഗത്തിൽ നിന്നും ചന്ദ്രോത്സവകർത്താവു രോഗിയായിരുന്നുവെന്നും, ഭട്ടതിരിക്കു മാത്രമേ രോഗമുണ്ടാകാനിടയുള്ളുവെന്നും ഊഹിച്ചാണ് ഈ അഭിപ്രായത്തെ സ്ഥാപിക്കുന്നത്. മുൻപറഞ്ഞ ചന്ദ്രോത്സവഭാഗത്തിൽ നിന്നും ഭട്ടതിരിക്ക് ആലത്തൂർനമ്പിയുടെ സാമീപ്യവും പരിചയവും ഉണ്ടെന്ന് ഊഹിക്കയും ചെയ്യുന്നു. ആലത്തൂർനമ്പി ഒരു വലിയ വൈദ്യനാണെന്നു സമ്മതിക്കുന്ന പക്ഷം, അദ്ദേഹത്തിൻെറ സാമീപ്യവും പരിചയവും ഉള്ളവൎക്കു മാത്രമേ അദ്ദേഹത്തെക്കുറിച്ച് അറിയാനിടയുള്ളു എന്നു പറയുന്നതു ശരിയല്ല. ഇതുപോലെ രോഗികൾക്കു മാത്രമേ വൈദ്യന്മാരെക്കുറിച്ച് അറിവുണ്ടായിരിക്കൂ എന്നു വിശ്വസിക്കുന്നതിലും യുക്തിഭംഗം ഉണ്ട്. 'ഈ രോഗം അശ്വിനീദേവകൾക്കും മാററാൻ പാടില്ല' എന്നു പറഞ്ഞാൽ ആ പറയുന്ന ആൾക്ക് അശ്വിനീദേവകളുടെ സാമീപ്യവും പരിചയവും രോഗവും ഉണ്ടായിരിക്കണമെന്നു വാദിക്കുന്നതിലെ യുക്തിഭംഗമാണിവിടെയും ഉള്ളത്. അതിനാൽ ചന്ദ്രോത്സവകർത്താവിനു രോഗവും നമ്പിയുടെ സാമീപ്യവും പരിചയവും ഇല്ലെങ്കിൽ തന്നെയും നമ്പിയെക്കുറിച്ച് അറിവുണ്ടായിരിക്കാൻ ഇടയുണ്ടെന്നാണ് ഞാൻ പറയുന്നത്. നമ്പി വൈദ്യനും ഭട്ടതിരി രോഗിയും ആയിരുന്നു എന്നുള്ള സംഗതികളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടു മാത്രം ഭട്ടതിരിയാണ് ചന്ദ്രോത്സവകർത്താവെന്നു പറയുന്നത് യോജിക്കയില്ല. അല്ലെങ്കിൽ, ഈ മതത്തിനു ആശ്രയമായിരിക്കുന്ന ഭാഗത്തെ — രോഗികൾക്കും സമീപസ്ഥനും പരിചയമുള്ളവൎക്കും മാത്രമേ വൈദ്യനെക്കുറിച്ച് അറിവുണ്ടായിരിക്കാനിടയുള്ളു

എന്ന കാൎയ്യത്തെ— സമ്മതിക്കാമെന്നു തന്നെ വെയ്ക്കാം. എന്നാൽ ചന്ദ്രോത്സവകത്താവിനു സകല ജീവലോകസാധാരണമായ രോഗമൊന്നും ഉണ്ടാകാൻ പാടില്ലെന്നു വല്ല നിയമവുമുണ്ടോ? നമ്പിയുടെ പരിചയവും സാമീപ്യവും എന്തുകൊണ്ടു ചന്ദ്രോത്സവകത്താവിന്നുണ്ടായിക്കൂടാ? ചന്ദ്രോത്സവകത്താവ് ആരാണെന്നു ഞാൻ പറയുന്നില്ല; അതു ഭട്ടതിരിയാണെന്നു പറയുന്നതിന്നു യുക്തിന്യായപ്രമാണങ്ങൾ ഇല്ലെന്നേ എനിക്കഭിപ്രായമുള്ളു. ഭട്ടതിരിയുടെ സംസ്കൃതകൃതികളിലേയും ചന്ദ്രോത്സവത്തിലേയും കവിതാസ്വഭാവത്തെക്കുറിച്ചാലോചിച്ചാലും ഭട്ടതിരിയാണ് ചന്ദ്രോത്സവം നിൎമ്മിച്ചതെന്നു പറയാൻ കഴികയില്ല. പുനം ഭട്ടതിരിയുടെ കാലത്തു ജീവിച്ചിരുന്നു എന്നു സ്ഥാപിക്കാൻ ഇനിയും കുഴപ്പങ്ങൾ ഉണ്ട്. ഭട്ടതിരിയുടെ കാലം കൊല്ലം ൭൦൦-ാം വൎഷത്തോടു കൂടിയാണെന്നുള്ളത് സുസ്ഥാപിതമാണ്. കൊല്ലം ൬൦൦-ന്നു മേൽ ജീവിച്ചിരുന്ന സാമൂതിരിയുടെ സദസ്സിലെ അംഗമായിരുന്നു പുനം എന്നു സമ്മതിച്ചുകൊണ്ടു ഭട്ടതിരിയുടെ കാലത്താണ് പുനം ജീവിച്ചിരുന്നതെന്നു പറയുന്നതിൽ പൂൎവ്വാപരവിരോധം സുസ്പഷ്ടമാണല്ലോ.

ഇതുകൊണ്ടും കുഴപ്പങ്ങൾ തീരുന്നില്ല. ഭട്ടതിരി എഴുത്തച്ഛന്റെ കാലത്തു ജീവിച്ചിരുന്നതായി നിൎവ്വിവാദം തെളിയുന്നുണ്ട്. ഈ സ്ഥിതിക്കു പുനം, ചന്ദ്രോത്സവകത്താവ്, എഴുത്തച്ഛൻ ഇവരുടെ കൃതികളായ ചമ്പുക്കൾ, ചന്ദ്രോത്സവം, കിളിപ്പാട്ടുകൾ മുതലായവ മിക്കതും ഒരേ കാലത്തുണ്ടായവയാണെന്നു സാധിക്കേണ്ടി വരും. എന്നാൽ ഈ മൂന്നു മഹാന്മാരുടേയും കൃതികളിലെ ഭാഷാരീതിയെ പരിശോധിച്ചാൽ ചമ്പുക്കൾ, കിളിപ്പാട്ടുകൾക്കും ചന്ദ്രോത്സവത്തിന്നും മുമ്പുണ്ടായി എന്നു തെളിയുന്നതാണ്. രാമായണാദിചമ്പുക്കളിലെ പല പ്രയോഗങ്ങളും എഴുത്തച്ഛന്റേയും ചന്ദ്രോത്സവകാരന്റേയും കാലത്തു ലുപ്തങ്ങളായിട്ടുണ്ട്. ഒരേ കാലത്താണിവയെല്ലാം ഉണ്ടായതെങ്കിൽ ഇവയിലെ ഭാഷാരീതിക്കു ചരിത്രകാരദൃഷ്ട്യാ വിലയേറിയതും ഗണ്യവും ആയ പല വ്യത്യാസങ്ങളും വരാനിടയില്ല. ഇക്കാരണങ്ങളെക്കൊണ്ടെല്ലാം രാമായണാദിചമ്പുക്കളുടെ കത്താവു പുനമാണെന്നും അദ്ദേഹം ചന്ദ്രോത്സവകത്താവിനു മുമ്പു— കൊല്ലം ൬൦൦-ാമാണ്ടിനു മേൽ— ജീവിച്ചിരുന്നു എന്നും ഭട്ടതിരിയല്ല ചന്ദ്രോത്സവകത്താവെന്നും വിശ്വസിക്കാനാണ് ന്യായം കാണുന്നത്.

വൈക്കം.

—വടക്കുംകൂർ രാജരാജവൎമ്മരാജാ.

---

# * മഹാകവികാളിദാസൻ

## II

[ഈ ഉപന്യാസപരമ്പരയുടെ ഒന്നാമത്തെ ഭാഗം ൧൧൦൦ മേടത്തിലെ 'പോഷിണി'യിലാണ് ചേർത്തിട്ടുള്ളത്. പ്രാചീനരുടെ കാവ്യപാഠത്തിൽ അവർ പഠിക്കുന്ന ഗ്രന്ഥത്തേയും, അതിന്റെ കർത്താവിനേയും പററിയ വിമർശങ്ങൾ നടപ്പുണ്ടായിരുന്നില്ലെന്നും, ആ വിമർശരീതി ഏർപ്പെടുത്തിയതു പാശ്ചാത്യപണ്ഡിതന്മാരാണെന്നും സ്ഥാപിക്കുകയും, പാശ്ചാത്യരുടെ വിമർശസമ്പ്രദായത്തെ കാണിക്കുവാൻ സ്ഥാലീപുലാകന്യായേന ചില ഉദാഹരണങ്ങൾ കൊടുക്കുകയും, പാശ്ചാത്യവിമർശകന്മാരോട് നമ്മൾ എത്രതന്നെ കടപ്പെട്ടിട്ടുണ്ടെങ്കിലും, അവർ നമ്മുടെ പ്രാചീനഗ്രന്ഥകാരന്മാരെ കഴിയുന്നത്ര അർവ്വാചീനകാലത്തേയ്ക്കു കൊണ്ടുവരുവാൻ ശ്രമിക്കുന്നതു ഹൃദ്യമല്ലെന്നഭിപ്രായപ്പെടുകയും, മഹാകവി കാളിദാസന്റെ കാലത്തെ പാശ്ചാത്യപക്ഷവിമർശത്തോടുകൂടി എഴുതുവാൻ തുടങ്ങുന്ന ഈ ലേഖകന്റെ ഉദ്ദേശത്തെ പ്രസ്താവിച്ചു വെക്കുകയും മാത്രമാണ്, ആദ്യത്തെ ഉപന്യാസത്തിൽ ചെയ്തിട്ടുള്ളത്. സംഗതിവശാൽ സംഭവിച്ചുപോയ കാലവ്യവധാനത്തെ വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. —ലേഖകൻ.]

---

* പകർപ്പവകാശം ഉപന്യാസകർത്താവിനുള്ളതാകുന്നു.

മഹാകവി കാളിദാസരുടെ കാലത്തെപ്പററി നിരൂപണം ചെയ്തിട്ടുള്ള വിദ്വാന്മാരുടെ ഇടയിൽ പല അഭിപ്രായങ്ങളുമുണ്ട്. (൧) ചിലർ, കാളിദാസന്റെ ജനനം ക്രിസ്ത്വാബ്ദം ഏഴാം നൂററാണ്ടിലാണെന്നഭിപ്രായപ്പെട്ടിരിക്കുന്നു. ഈ അഭിപ്രായത്തെ സ്ഥാപിക്കുവാൻ പറയത്തക്ക തെളിവുകളൊന്നും കാണുന്നില്ല.

(൨). വേറെ ചിലർ,

"ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടഖർപ്പരകാളിദാസാഃ
ഖ്യാതോവരാഹമിഹിരോനൃപതേസ്സഭായാ
രത്നാനിവൈവരരുചിർന്നവവിക്രമസ്യ"

എന്ന ജ്യോതിർവിദാഭരണശ്ലോകത്തേയും, അതിനെ അടിസ്ഥാനമാക്കിപ്പറയുന്ന ചില കഥകളേയും പ്രമാണമായെടുത്തു കാളിദാസരുടെ കാലം നിർണ്ണയിക്കുന്നു. ധന്വന്തരി മുതലായവരും കാളിദാസരും ഒരേ സഭയിലിരുന്നവരായതുകൊണ്ട് അവർ സമകാലികരാണെന്നു തീർച്ചയാണല്ലോ. അവരിൽ ഒരാളായ വരാഹമിഹിരൻ ക്രിസ്ത്വാബ്ദം ആറാംനൂററാണ്ടിൽ മരിച്ചതായി വേറെ ചില ലക്ഷ്യങ്ങളെക്കൊണ്ടു തീർച്ചപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ആറാം നൂററാണ്ടു തന്നെയാണ് കാളിദാസരുടെ കാലം. ഇതാണവരുടെ ന്യായം.

(൩). മററുചിലർ പറയുന്നത് ഇതൊന്നുമല്ല. ക്രിസ്ത്വാബ്ദം ആറാം നൂററാണ്ടിൽ ജീവിച്ചിരുന്ന പ്രവരസേനരാജാ

വിനാൽ കാശ്മീരാധിപതിയായി നിശ്ചയിക്കപ്പെട്ട മാതൃഗുപ്തൻെറ തന്നെ മറെറാരു പേരാണ് കാളിദാസൻ എന്നത്. മാതാവിനാൽ=കാളിയാൽ, ഗുപ്തൻ=രക്ഷിക്കപ്പെട്ടവൻ.. അതായത് കാളിദാസൻ എന്നിങ്ങിനെ മാതൃഗുപ്തപദത്തിന്ന് അൎത്ഥം വ്യാഖ്യാനിച്ച്, അതിനെ അവലംബിച്ചിട്ടാണ് ഈ അഭിപ്രായക്കാർ പുറപ്പെടുന്നത്.

(൪). ഇനി വേറെ ചിലർ ഇതൊന്നുമല്ലാതെ മേഘസന്ദേശത്തെ ആശ്രയിച്ചിട്ടു കാളിദാസരുടെ കാലം നിൎണ്ണയിക്കുവാൻ ശ്രമിക്കുന്നു. അവരുടെ പ്രമാണം,

“അദ്രേഃ ശൃംഗം ഹരതി പവനഃ കിംസ്വിദിത്യുന്മുഖീഭിഃ ദൃഷ്ടോത്സാഹശ്ചകിതചകിതം മുഗ്ദ്ധസിദ്ധാംഗനാഭിഃ സ്ഥാനാദസ്മാൽ സരസനിചുളാദുൽപതോദങ്മുഖഃഖം ദിങ്നാഗാനാം പഥി പരിഹരൻ സ്ഥൂലഹസ്താവലേപാൻ.”

എന്നു യക്ഷൻ മേഘത്തോടു സന്ദേശിക്കുന്ന ശ്ലോകത്തിൽ കാളിദാസൻ സമാസോക്തിരീത്യാ തൻെറ കാവ്യങ്ങളെ ദൂഷിക്കുന്നതിന്നു തുനിഞ്ഞിട്ടുള്ള ദിങ്നാഗൻ എന്നൊരു വിദ്വാനെപ്പററിപ്പറഞ്ഞിരിക്കുന്നതായി മഹാമഹോപാദ്ധ്യായ മല്ലിനാഥൻ മേഘസന്ദേശവ്യാഖ്യാനത്തിൽ എഴുതീട്ടുള്ള അഭിപ്രായമാണ്. ദിങ്നാഗപണ്ഡിതൻ അസംഗനെന്നു പേരായ ഒരു ബുദ്ധമതപണ്ഡിതൻെറ ശിഷ്യനാണ്. അസംഗൻ ജനിച്ചതു ബുദ്ധമഹൎഷിയുടെ അവതാരത്തിന്നു ശേഷം തൊള്ളായിരം കൊല്ലം കഴിഞ്ഞിട്ടാണെന്നു തിബത്തിലുള്ള ചില രേഖകളിൽ നിന്നറിയുന്നു. എന്നല്ലാ, ക്രിസ്ത്വാബ്ദം ൫൦൦-ൽ അസംഗൻ ഇന്ത്യയിൽ ജീവിച്ചിരുന്നതായും ചില പഴയ ലക്ഷ്യങ്ങളുണ്ട്. അതുകൊണ്ടു ദിങ്നാഗാചാര്യരുടെ കാലം ആറാം നൂററാണ്ടിലാണെന്നു വരുന്നു. കാളിദാസൻ ദിങ്നാഗൻെറ ശത്രുവായതുകൊണ്ട് അദ്ദേഹത്തിൻെറ കാലവും അതായിരിക്കണം.

(൫.) ഇനി, വേറെ ചിലർ രഘുവംശകാവ്യത്തെക്കൊണ്ടു കാളിദാസൻ എ. ഡി. ആറാം നൂററാണ്ടിലാണ് ജീവിച്ചിരുന്നതെന്നു തെളിയിപ്പാൻ ശ്രമിക്കുന്നു. രഘുവംശത്തിൽ,

“തത്രഹൂണാവരോധാനാം ഭൎത്തൃഷു വ്യക്തവിക്രമം കപോലപാടലാദേശി ബഭൂവ രഘുചേഷ്ടിതം”

(൪ - ൬൮.)

എന്ന ശ്ലോകം കൊണ്ടു രഘുമഹാരാജാവ് ഹൂണരെ ജയിച്ചതായി വൎണ്ണിച്ചിരിക്കുന്നു. രഘുവംശത്തിന്നു കാളിദാസൻ മൂലഗ്രന്ഥമായി പിടിച്ചിട്ടുള്ള വാല്മീകിരാമായണത്തിൽ ഹൂണസംജ്ഞ കാണുന്നില്ല. അതുകൊണ്ടു കാളിദാസരുടെ കാലത്തിൽ ഹൂണവൎഗ്ഗക്കാർ പ്രബലന്മാരായിരുന്നുവെന്നും, അവരെക്കൂടി തൻെറ നായകൻ ജയിച്ചതായി വൎണ്ണിക്കുന്നതു നായകോൽകൎഷത്തിന്നു കാരണമാണെന്നു കവി വിചാരിച്ചിട്ടാണ് ഇങ്ങനെ വൎണ്ണിച്ചതെന്നും വിചാരിക്കാം. ഹൂണന്മാർ (യവനന്മാർ) അഞ്ചാം നൂററാണ്ടിന്നു ശേഷമാണ് ഇന്ത്യയിൽ വരികയും ഓരോരോ രാജാക്കന്മാരെ ജയിക്കുകയും ചെയ്തതെന്നു ചരിത്രപ്രസിദ്ധമാണ്. അതുകൊണ്ടു കാളിദാസരുടെ കാലം എ. ഡി. ആറാം നൂററാണ്ടാണെന്നു വിചാരിക്കാം.

(൬). മറെറാരു കൂട്ടർ രഘുവംശത്തെപ്പിടിച്ചു തന്നെ പ്രകാരാന്തരേണ കാളിദാസരുടെ ജീവിതകാലം നിൎണ്ണയിക്കുവാൻ ശ്രമിക്കുന്നു. രഘുവംശം ൪-ാം സൎഗ്ഗം

൯-ാം ശ്ലോകത്തിൽ "ഛായാഹിഭൂമേഃ ശശിനോ മലത്വേനാരോപിതാ ശുദ്ധിമതഃ പ്രജാഭിഃ" എന്നിങ്ങിനെ, ഭൂമിയുടെ നിഴലാണ് ചന്ദ്രഗ്രഹണത്തിന്നു കാരണമെന്നുള്ള തത്വത്തെ പ്രസ്താവിച്ചിരിക്കുന്നു. ഗ്രഹണത്തെ സംബന്ധിച്ച യഥാൎത്ഥമായ ഈ തത്വം പ്രാചീനരായ ആൎയ്യന്മാൎക്കറിവുണ്ടായിരുന്നില്ല. ഗ്രീക്കപണ്ഡിതന്മാരിൽ നിന്നു പഠിച്ച് ആൎയ്യഭട്ടനാണ് ഈ തത്വം ഒന്നാമതു ഹിന്തുക്കളുടെ ജ്യോതിശ്ശാസ്ത്രത്തിൽ പ്രയോഗിച്ചത്. ആൎയ്യഭട്ടൻ അഞ്ചാം നൂററാണ്ടുകാരനാണ്. അതുകൊണ്ട്, ആൎയ്യഭട്ടന്റെ കാലത്തിന്നു ശേഷം, അതായത് ആറാം നൂററാണ്ടിൽ ആണ് കാളിദാസരുടെ കാലമെന്നു നിൎണ്ണയിക്കാം.

(൬). വേറെയൊരു കൂട്ടർ കുമാരസംഭവത്തിൽ നിന്നു കാളിദാസരുടെ കാലം നിൎണ്ണയിക്കുവാൻ ശ്രമിക്കുന്നു. അവരുടെ യുക്തി ഇതാണ്: കുമാരസംഭവത്തിൽ,

"അഥൌഷധീനാമധിപസ്യ വൃദ്ധൌ
തിഥൌ ച ജാമിത്രഗുണാന്വിതായാം
സമേതബന്ധുൎഹിമവാൻ സുതായാ
വിവാഹദീക്ഷാവിധിമന്വതിഷ്ഠൽ."

എന്ന ശ്ലോകത്തിൽ ഉള്ള 'ജാമിത്ര' ശബ്ദം ഗ്രീക്കഭാഷയിലുള്ള 'ഡ്യാമെട്രാൻ' (Dagmatran) എന്ന ശബ്ദത്തിന്റെ അപഭ്രംശമാണ്. ഹിന്തുക്കൾ ഗ്രീക്കുകാരോടു ജ്യോതിഷം പഠിച്ചതിന്നു ശേഷം ഗ്രീക്കഭാഷയിൽ നിന്നു സംസ്കൃതഭാഷയിൽ വന്നുകൂടിയതാണ് ഈ ശബ്ദം. ഗ്രീക്കുകാരോടു ജ്യോതിഷം പഠിച്ച ഹിന്തുക്കളിൽ പ്രധാനി ആൎയ്യഭട്ടനാണ്. അതുകൊണ്ട്, ആൎയ്യഭട്ടന്നു ശേഷം, അതായത് ആറാം നൂററാണ്ടിൽ, ആണ് കാളിദാസരുടെ കാലമെന്നു കിട്ടുന്നു.

(൭). മററു ചിലർ സംസ്കൃതഭാഷയുടെ അഭിവൃദ്ധിക്കു രണ്ടു കാലത്തെ കല്പിച്ച് അതിൽ രണ്ടാമത്തെ കാലത്തിലാണ് കാളിദാസന്റെ ഉല്പത്തി എന്നു പറഞ്ഞിരിക്കുന്നു. അതിൽ ആദ്യത്തേതു പ്രാചീനമാണ്. രണ്ടാമത്തെ കാലം ക്രിസ്താബ്ദം രണ്ടാം നൂററാണ്ടാണ്. ഒരു ഭാഷയിൽ സരസകാവ്യങ്ങൾ എഴുതുന്നവരായ മഹാകവികൾ എപ്പോഴുണ്ടാകുന്നുവോ, അപ്പോഴാണ് അതിന്റെ അഭിവൃദ്ധികാലം. ഇതിൽ ആദ്യകാലത്ത് മഹാകവി കാളിദാസൻ ഉണ്ടായതായി ശങ്കിക്കുകവയ്യ. രണ്ടാമത്തെ കാലത്ത് അതായത് രണ്ടാം നൂററാണ്ടിൽ ആണ് കാളിദാസന്റെ ഉല്പത്തി. ഇതാണവരുടെ വാദം.

(൮). ഇനിയും ചിലർ ഇപ്പറഞ്ഞവയിൽ നിന്നു വിലക്ഷണമായ ഒരു പ്രകാരത്തിൽ കാളിദാസരുടെ കാലനിൎണ്ണയം ചെയ്യാനൊരുങ്ങുന്നു. അവരുടെ ഊഹം ഇങ്ങിനെയാണ്: ക്രിസ്താബ്ദം ഒന്നാം നൂററാണ്ടിൽ, വളരെ പാണ്ഡിത്യവും കവിത്വവുമുള്ള അശ്വഘോഷൻ എന്നൊരു ബൌദ്ധപണ്ഡിതൻ ഉണ്ടായിരുന്നു. അദ്ദേഹം ബുദ്ധചരിതം എന്നൊരു കാവ്യം നിൎമ്മിച്ചിട്ടുണ്ട്. അതിലുള്ള പല ശ്ലോകങ്ങൾക്കും കാളിദാസരുടെ ശ്ലോകങ്ങൾക്കും തമ്മിൽ ആശയംകൊണ്ടു സാമ്യമുണ്ട്. അതുകൊണ്ട് അവരിലൊരാൾ മറേറയാളുടെ ശേഷം ജീവിച്ചവനാണെന്നു വിചാരിക്കാം. ഏതുകവിയുടെ ആശയത്തെ മറെറാരു കവി എടുത്തിരിക്കുന്നുവോ,

ആ കവി പ്രാചീനനാവണം. അങ്ങിനെ വരുമ്പോൾ ആ രണ്ടു കവികളിൽ ഏതാളുടെ കാലം മററു തെളിവുകളെക്കൊണ്ടു നിശ്ചയിക്കാമൊ അദ്ദേഹം പ്രാചീനൻ, മറേറവൻ അപ്രാചീനൻ, എന്നാണ് വിമർശനിയമം. പ്രകൃതത്തിൽ അശ്വഘോഷൻെറ കാലം തീർച്ചപ്പെട്ടതുകൊണ്ടു കാളിദാസൻ അപ്രാചീനനെന്നും, അശ്വഘോഷൻ ഒന്നാം നൂററാണ്ടുകാരനാകയാൽ കാളിദാസൻെറ കാലം രണ്ടാം നൂററാണ്ടാണെന്നും വരുന്നു.

(൧൦). ഇനിയൊരു കൂട്ടർ ഇത്രയൊന്നും ബുദ്ധിമുട്ടു കൂടാതെ അതിവേഗത്തിൽ മഹാകവി കാളിദാസൻെറ ജീവിതകാലം നിർണ്ണയിക്കുന്നു. അവർക്കുള്ള പ്രമാണം ജ്യോതിർവിദാഭരണമാണ്. ജ്യോതിർവ്വിദാഭരണം എന്നത് ഒരു ജ്യോതിശ്ശാസ്ത്രഗ്രന്ഥമാകുന്നു. അതിൻെറ പ്രണേതാവ് കാളിദാസനാണ് ആ ഗ്രന്ഥത്തിൽ കാളിദാസൻ തന്നെ,

"വർഷൈഃ സിന്ധുരദർശനാംബരഗുണൈര്യാതേ കലൌ സംമിതേ മാസേ മാധവസംജ്ഞകേ ത്രവിഹിതോ ഗ്രന്ഥക്രിയോപക്രമഃ"

എന്ന ശ്ലോകാർദ്ധത്തിൽ തൻെറ ജീവിതകാലത്തെ വ്യക്തമായിപ്പറഞ്ഞിരിക്കുന്നു. ഇതിൽ പറഞ്ഞ സിന്ധുരാദി അംകസംജ്ഞകളെക്കൊണ്ടു കിട്ടുന്ന കല്യബ്ദത്തെ തട്ടിച്ചുനോക്കിയാൽ ക്രിസ്ത്വബ്ദാരംഭത്തിന്നു മുമ്പാണ് ഇതിൽ പറഞ്ഞ കാലമെന്നു കാണാം.

ഇങ്ങനെ പത്തു പ്രകാരത്തിലാണ് ചിലവിമർശകന്മാർ കാളിദാസരുടെ കാലത്തെ നിരൂപണം ചെയ്തിട്ടുള്ളത്. ഇതിൽ ൧-ാമത്തെ പക്ഷത്തിൽ ൭-ാം നൂററാണ്ടും, ൨ മുതൽ ൭ വരെ പക്ഷപ്രകാരം ൬-ാം ആററാണ്ടും, ൮-ം ൯-ം പക്ഷങ്ങളിൽ ൨-ാം നൂററാണ്ടും, ൧൦-ാമത്തെ പക്ഷത്തിൽ ക്രിസ്ത്വബ്ദത്തിന്നു മുമ്പും ആണ് കാളിദാസരുടെ കാലമെന്നു പറയേണ്ടതില്ലല്ലോ. ഇവയുടെ സാധുതാസാധുതകളെ മേലിൽ നിരൂപണം ചെയ്യുന്നതാണ്.

—കെ. വാസുദേവൻ മൂസ്സത്.

## *ഒരു രാത്രി.

കിരണങ്ങൾ കുറഞ്ഞഥ ധൂ-
സരകാന്തിയുമായ നിരംബരൻ സൂര്യൻ,
കിതവൻ ധൂർത്തന്മാരാൽ
ജിതനെന്നതു പോലദൃശ്യനായ മന്ദം, (൧)

അരുണൻ മറഞ്ഞനേര-
ത്തിരുളാകും പെരിയ വാരണത്തിന്മേൽ
സിന്ദൂരം വിലസുകയാ-
ണെന്നൂഹം ചേർത്തു സന്ധ്യ ശോഭിച്ചു. (൨)

ദിനകാന്തിയനുഗമിച്ചു
ദിനകരനെ ത്യക്തയായിരുന്നിട്ടും;
അരക്ത സന്ധ്യ പോയി-
ല്ലാ;-രാണറിയുന്നതംഗനാഹൃദയം? (൩)

ധരയെയിരുട്ടാ, ദിനകര-
വിരഹജമായുള്ള മോഹമോ മൂടി:

*ക്ഷേമേന്ദ്രകവിയുടെ കലാവിലാസത്തിൽ നിന്ന്.

പെരികെക്കറിനനുമെന്നും
വരവും പോക്കും തുടങ്ങിയാൽ പ്രിയനാം. (൪)

വെള്ളവെളെ വിലസിട്ടുമുഡുഗണ-
കള്ളതരവെൺമുത്തുമാല ചാർത്തി നിശാ
തിമിരമയിൽപ്പീലിയുമാ-
ന്നമരും വേടത്തിയെന്ന പോലായി. (൫)

വിരഹിണികൾക്കൊരു ദഹനൻ,
പുരുശോകം കോകികൾക്കു നല്ലരന്നാൻ,
കൈരവകോരകശോഭാ-
കരനാ,ഴകോട്ടുദയമാന്നുതുഹിനകരൻ. (൬)

കാമനു വെൺകൊററക്കുട,
യാമിനിയാം കാമിനിയ്ക്കു സിതതിലകം,
ശ്രീമത്താം മുകുരം ദി-
ക്കാമിനികൾക്കേ,വമിന്ദു ശോഭിച്ചു. (൭)

കിരണമൃണാളയുതൻ ഹിമ-
കരനാ,ംബരമായ നല്ല പുഴതന്നിൽ

അരയന്നമെന്നെവക്കും
കരളിൽ തോന്നും വിധം പ്രകാശിച്ചു. (൮)

മതിയാൽ നിശയും, നിശയാൽ
രതിപതിയും, മദനനാൽ മധൂത്സവവും,
അതിനാൽ മദമുടയവരാം
മതിമുഖിമാർക്കുള്ള ലീലയും വിലസി. (൯)

മോടി വെടിഞ്ഞൊരു പത്മിനി-
യോടിഷ്ടം വിട്ടു ധൂർത്തമധുപഗണം,
മോടി വളന്നൊരു കുമുദിനി-
യോടുരുമോദേന ചെന്നു യോജിച്ചു. (൧൦)

ഇന്ദുകപാലം പരമുഡു-
വൃന്ദമനുഷ്യാസ്ഥിമാലയെന്നിവയും
ചന്ദ്രികയാം ഭസിതവുമു-
ള്ളന്നിശ കാപാലികയെപ്പോലായി. (൧൧)

ചിററൂർ.

—വരവൂർ, ശാമുമേനോൻ.

## "സ്ഥവിരഗാഥാ."

ഈ തലവാചകം ഒരു ബുദ്ധമതഗ്രന്ഥത്തിൻെറ പേരാണ്. പാലിഭാഷയിൽ ഈ വാക്കിന്നു പകരം "ഥേരഗാഥാ" എന്നു പറയുന്നു. "ഥേര" എന്ന വാക്കിന്നു സമീചീനമായ സംസ്കൃതതജ്ജമ "സ്ഥവിര"പദമായിരിക്കുമെന്നാണ് തോന്നുന്നത്. പരിചയം കുറയുന്നവർക്ക് "പാലി"വാക്കിന്നു പകരം സംസ്കൃതവാക്കു കണ്ടുപിടിക്കുവാൻ വളരെ യത്നിക്കേണ്ടിവരുന്നു. യത്നം ഫലിച്ചുവെന്നു വരാം; എന്നാൽ പ്രതിഛായയായിക്കാണുന്ന ചില പാലിവാക്കുകൾക്കു സംസ്കൃതത്തിൽ സാധാരണമായി അറിയപ്പെടാത്ത അർത്ഥവൈചിത്ര്യങ്ങളെ ബുദ്ധമതാചാര്യന്മാർ കല്പിച്ചതായി കണ്ടുവരുന്നുണ്ട്. പ്രകൃതമായ "സ്ഥവിര"പദം തന്നെ ഇതിന്നുദാഹരണമാണ്. സ്ഥവിരപദത്തെ സംസ്കൃതഭാഷയിൽ വൃദ്ധപര്യായമായി കല്പിച്ചതാണെന്നതിന്നു "പ്രവയാഃ സ്ഥവിരോ വൃദ്ധഃ" എന്ന അമരകോശം തന്നെ തെളിവാണല്ലോ. പാലിയിലെ "ഥേര" ശബ്ദത്തിന്നു പത്തുകൊല്ലം സന്ന്യാസവൃത്തിയിലിരുന്ന സന്ന്യാസി എന്നർത്ഥമാണ് കൊടുത്തുവരുന്നത്. ഇതു വ്യാഖ്യാതാക്കളുടെ യുക്തിജന്യമായിരിക്കാം.

"സ്ഥവിരഗാഥ" അനേകം മതഗ്രന്ഥങ്ങളിൽ നിന്നു സംഗ്രഹിച്ചെഴുതിയതും, ഫവൻവ- ഗാഥകളടങ്ങിയതുമാകുന്നു. ഈ ഗാഥകളെല്ലാം ഒരു "സ്ഥവിരൻ" മാത്രം ഉച്ചരിച്ചവയല്ല. ഇരുനൂററിരുപത്തിനാല് ആചാര്യന്മാരുടെ ഗാഥകൾ ഈ ഗ്രന്ഥത്തിലടങ്ങീട്ടുണ്ടെന്നാണ് കാണുന്നത്. ഇങ്ങിനെയുള്ള ഗാഥാസംഗ്രഹങ്ങൾ ബുദ്ധമതഗ്രന്ഥങ്ങളിൽ ധാരാളം കാണാം. "ഖുദ്ദനികായ" എന്നു പേരായി അത്തരത്തിലുള്ള ഒരു ഗ്രന്ഥത്തിൻെറ സംഗ്രഹമാണ് സ്ഥവിരഗാഥ. "ദിശലഭണക" "മഴണമഭണക" എന്ന ഗ്രന്ഥങ്ങളും പ്രസ്തുത ഗ്രന്ഥത്തിൻെറ കത്താവിനെ സഹായിച്ചിട്ടുണ്ടെന്നു പറയുന്നു.

ജീവികൾക്കുപദ്രവം വരത്തക്കവണ്ണം ചെയ്യുന്ന പുണ്യങ്ങളെ നിഷേധിച്ച്, അഹിംസാമഹത്വത്തെ പുരസ്കരിച്ചുകൊണ്ടു, മാനസികശുദ്ധി ലഭിച്ച നിർവ്വാണം പ്രാപിപ്പാൻ ഉപദേശിക്കുകയാണല്ലോ ബുദ്ധമതം ചെയ്യുന്നത്. ഈ വിഷയത്തിൽ, അനേകം ആചാര്യന്മാരുടെ ഭിന്നാഭിപ്രായങ്ങൾ കൂടിച്ചേർന്ന ഇത്തരം ഉത്തമഗ്രന്ഥങ്ങൾ ആ മതത്തിൽ ദുർല്ലഭമല്ല. ആ വക ഗ്രന്ഥങ്ങളുടെ മഹത്വം അധികമായറിയുന്നതു പാശ്ചാത്യപണ്ഡിതന്മാരാണെന്നു വരുന്നതു പൌരസ്ത്യന്മാക്കു ലജ്ജാകരമാണെങ്കിലും, അഭിമാനഹേതുവുമാണെന്നു നിസ്സംശയം പറയാം. മാക്സ്മുള്ളർ എന്ന പണ്ഡിതശ്രേഷ്ഠൻ പൌരസ്ത്യശാസ്ത്രങ്ങളിൽ പരിശ്രമിച്ചതും, ബുദ്ധമതത്തെ അത്യന്തം ആദരിച്ചതും വായനക്കാരിൽ പലക്കും അറിവുള്ളതാണല്ലോ. ആ മഹാനിൽ നിന്ന് അനശ്വരമായ ചില സമ്പാദ്യങ്ങൾ മതാഭിമാനികൾക്കുണ്ടായിട്ടുള്ളതും വിസ്മരിക്കേണ്ടുന്ന ആവശ്യമില്ല. ജമ്മനിയിലെ 'ഹേർമൻ ഓൾഡൻബർഗ്ഗ്' എന്ന മറെറാരു പണ്ഡിതൻെറ ഉദ്യമവും ചില്ലറയല്ലെന്നു കാണുന്നു. ആ മഹാൻ ഇന്നു ജീവിച്ചിരിപ്പുണ്ടോ എന്നു നിശ്ചയമില്ല. "സ്ഥവിരഗാഥാ" അദ്ദേഹം മുപ്പത്തിമൂന്നു കൊല്ലം മുമ്പു പ്രസിദ്ധപ്പെടുത്തിയതാണ്. ഓൾഡൻബഗ്ഗ് അന്നു ബർല്ലിൻപട്ടണത്തിലെ സവ്വകലാശാലയിൽ പ്രൊഫസരായിരുന്നു.

ബുദ്ധമുനിക്ക് അനേകം ശിഷ്യന്മാരുണ്ടായിരുന്നതിൽ പ്രാധാന്യമുള്ള ഒരാളായിരുന്നു (ആനന്ദൻ.) ആനന്ദനു ബുദ്ധദേവൻെറ പരിനിർവ്വാണത്തിന്ന് അല്പകാലം മുമ്പായി ആർഹതപദം കിട്ടിയെന്നു പറയുന്നു. ബുദ്ധൻെറ അവസാനകാലത്തു രാജഗൃഹ (രാജഗഹ) ത്തിൽ മഹാന്മാരായ അസംഖ്യം സന്ന്യാസിമാർ സഭകൂടുകപതിവാണ്. ഗുരുവിൻെറ നിർവ്വാണശേഷം അല്പകാലത്തിന്നുള്ളിൽ ആനന്ദൻ ഉപദേശിച്ചവയും, സദസ്സിൽ സർവ്വസമ്മതി പ്രാപിച്ചവയുമായ ഗാഥകളും, 'അനിരുദ്ധ' എന്ന മറെറാരു ബുദ്ധശിഷ്യൻെറ ഉപദേശങ്ങളും പ്രകൃതപുസ്തകത്തിലുൾപ്പെട്ടിട്ടുണ്ട്.

ആചാര്യന്മാരുടെ ഉപദേശങ്ങൾ മുഴവനും ഇതിൽ കാണുന്നതല്ല; അവയുടെ സാരാംശങ്ങൾ മാത്രമാണുള്ളത്. പ്രസ്തുതഗ്രന്ഥം പുരാതനമായ ബുദ്ധമതത്തെക്കുറിച്ചുള്ള ജ്ഞാനത്തിന്നാണ് അധികം

അനുകൂലിക്കുന്നത്. എന്തുകൊണ്ടെന്നാൽ, ഇതിലെ മിക്ക ഗാഥകളും, പരമഗുരു ജീവിച്ചിരുന്ന കാലത്തു തന്നെ, അദ്ദേഹത്തിന്റെ ഒരുമിച്ചുണ്ടായിരുന്ന ശിഷ്യന്മാർ നിർമ്മിച്ചവയാണ്; ആചാര്യന്റെ നിർവ്വാണാനന്തരമുണ്ടായവ ചുരുങ്ങും.

സ്ഥവിരഗാഥയിൽ ൱൩- മുതൽ ൱൪൰- കൂടിയുള്ള ഗാഥകളുടെ കർത്താവായ ആചാര്യൻ ദമഘോഷന്റെ അച്ഛനായ ബിന്ദുസാരരാജാവിന്റെ കാലത്തുണ്ടായിരുന്ന ആളാണെന്നും, അദ്ദേഹത്തിന്റെ ഉപദേശങ്ങളെയാണ് ആ രാജാവിന്റെ പുരോഹിതന്മാരെല്ലാം ഒടുവിൽ ആദരിച്ചതെന്നും കാണുമ്പോൾ, ചരിത്രജ്ഞന്മാർക്ക് ഇതിന്റെ പുരാതനത്വവും മഹത്ത്വവും നല്ലവണ്ണം മനസ്സിലാവുന്നതാണ്.

സ്ഥവിരഗാഥയിൽ ഏതു ഭാഗങ്ങളും വായിച്ചറിയേണ്ടവയാണ്. ദ്വിതീയസന്ന്യാസിയുടെ ഗാഥകളിൽ ചിലതിന്റെ തർജ്ജമ വായനക്കാർക്കു സത്രുപജ്ഞാനത്തിന്നു വേണ്ടി താഴെ കാണിക്കാം.

മുമ്പേ പ്രമാദിയായ് പിന്നെയേതൊരാളപ്രമാദിയാം;
തെളിയിക്കുമവൻ ലോകം കാർ നീങ്ങും ശശി പോലവേ.

എവൻ, താൻ ചെയ്ത പാപത്തെപ്പുണ്യംകൊണ്ടു മറയ്ക്കുമോ;
തെളിയിക്കുമവൻ ലോകം കാർനീങ്ങും ശശി പോലവേ.

ബുദ്ധോക്തമനുവർത്തിക്കും വന്ദ്യനാം ഭിക്ഷുവേതൊരാൾ;
തെളിയിക്കുമവൻ ലോകം കാർ നീങ്ങും ശശി പോലവേ.

കേൾക്കായ്വരേണം മമ ധർമ്മവാക്യം;
ബുദ്ധോക്തകർമ്മം പതിവാകണം മേ;
ഞാൻ, ശാന്തരായ് ധർമ്മമനുസ്മരിക്കും
മനുഷ്യർതൻ സേവകനായ്വരേണം.

എൻശ്രദ്ധതാഴാതവിരുദ്ധമാകും
സൽക്ഷാന്തിവാദത്തിലണഞ്ഞിടേണം
എന്നെന്നുമദ്ധർമ്മവചസ്സു കേട്ടി-
ട്ടതേ നിലയ്ക്കാകണമെന്റെ കർമ്മം.

ഒരിക്കലും ഞാൻ ഹിംസിക്കില്ലന്യജീവിയെ, നിശ്ചയം;
പരമം ശാന്തി കൈവന്നു; രക്ഷിപ്പേനിന്ദ്രിയങ്ങളെ.
യന്ത്രജ്ഞർ വെള്ളത്തെ നടത്തിടുന്നി-
തന്ത്രം വളയ്ക്കുന്നിതതിൻപണിക്കാർ;
ആശാരിമാർ ദാരു വളച്ചിടുന്നി-
താത്മാവിനെത്തജ്ജ്ഞരൊതുക്കിടുന്നു.
തടുക്കും ചിലർ ദണ്ഡത്താൽ ചൂരൽ തോട്ടികളാലുമേ;
എന്നാൽ, ദണ്ഡാസ്ത്രങ്ങളെന്യേ ദാന്തനായിത്തീരിപ്പു ഞാൻ;

അഹിംസകനിതെൻനാമം; വീട്ടിൽ ഹിംസകനാണു ഞാൻ;
ഇന്നു താൻ സത്യനാമാവായ് വീടു വിട്ടു ചരിക്കയാൽ.

മുന്നമംഗുലിമാലാഖ്യചോരനായ് നാൾകഴിച്ചു ഞാൻ
മഹാഭാഗ്യപ്രേരണയാൽ ബുദ്ധാന്തികമണഞ്ഞുതേ.

ഇരിമ്പുകയ്യനപ്പോഴാൻ പ്രസിദ്ധൻ ഹിംസ ചെയ്കവൻ
ശരണാഗതനായപ്പോൾ തെളിഞ്ഞു സുഗതോത്തമൻ.

ആവിധം ക്രൂരകർമ്മങ്ങൾ ചെയ്വോർ ദുർഗ്ഗതിയാർന്നിടും:
ആരും കർമ്മവിപാകത്താൽ ചെയ്ത പാപം ഭുജിക്കുമേ.

ബാലർ ദുർബ്ബുദ്ധികൾ നരർ പ്രമാദത്തെത്തുടർന്നിടും;
ബുദ്ധിമാനപ്രമാദത്തെ സമ്പത്തുപോലെ രക്ഷമേ.

പ്രമാദം തുടരായ്കെന്നും, കാമചാരം ചരിക്കൊലാ:
അപ്രമത്തൻ ധ്യാനശീലൻ തേടുന്നു പരമം സുഖം.

വന്നു നന്മ, നശിച്ചൂമേ ദുർമ്മനോജന്യ വാസന.
ധർമ്മഭേദങ്ങളിൽ ശ്രേഷ്ഠമേതതിൽച്ചേർന്നിതെൻ മനം.

വന്നുമേ നന്മ, ദുർമ്മന്ത്രിതങ്ങളെല്ലാം നശിച്ചുപോയ്,
വിദ്യ മൂന്നും വന്നണഞ്ഞു, ബുദ്ധശാസന തേടി ഞാൻ.

കാട്ടിലോ ശാഖികളിലോ കാററില്ലാത്തവിലത്തിലോ
എത്തുന്നിടത്തെവിടെയും പേടിച്ചേനന്നു ദുർമ്മതി.

സുഖാ ശയിപ്പേൻ, ധ്യാനിപ്പേൻ, ജീവിപ്പേനിന്നു സൌഖ്യമായ്;
ശാസ്താവിന്നലിവുണ്ടായി "മാരൻകൈ" വിട്ടുപോന്നുഞാൻ!

ബ്രഹ്മയജ്ഞൻ പുരാ ഞാനൊരുദീച്യൻ തന്നെയെങ്കിലും,
മുക്തനായിന്നു സുഗതധർമ്മരാജൻെറ ദർശനാൽ.

* വീതതൃഷ്ണനനാദാനൻ ഗുപ്തദ്വാരൻ സുസംവൃതൻ
അശ്ലക്ഷ്യമന്നത്തെൻ ഞാൻ പ്രാപിച്ചേനാസവക്ഷയം.

ശാസ്താവെന്നിൽ പ്രസാദിച്ചു ബുദ്ധാകൃതം സ്വീകരിച്ചു ഞാൻ;
ഭവനത്തിൽ കണ്ടിരുന്ന ഗുരുഭാരമൊഴിഞ്ഞുമേ."

നിലമ്പൂർ. —തേലപ്പുറത്തു നാരായണനമ്പി.

---

* ഈ അടയാളമിട്ട ശ്ലോകത്തിൻെറ മൂലത്തിൽ ചില പ്രത്യേക സങ്കേതപദങ്ങളുള്ളവയുടെ സാരം അറിവാൻ കഴിയാത്തതിനാൽ ചില പദങ്ങളെ മാററാൻ കഴിഞ്ഞിട്ടില്ല. —(ലേ)

# മനുഷ്യശരീരത്തിൽ നടക്കുന്ന സമരം.

(ഒരു ഇംഗ്ലീഷു മാസികയിൽ നിന്നെടുത്തത്)

ജീവിതം ഒരു രണമാണെന്നും, ഈ രണത്തിൽ എല്ലാ ജീവികളും ഭാഗഭാക്കുകളാണെന്നും നാം അറിഞ്ഞിട്ടുണ്ട്. ജീവിതത്തെ നിലനിൎത്തുന്നതിനും, പോററുന്നതിനും, മഹത്തരമാക്കിത്തീൎക്കുന്നതിനും വേണ്ടി, ബാഹ്യങ്ങളായ കാൎയ്യങ്ങളോടും, മത്സരകക്ഷികളോടും ആണ് ഈ രണം നടത്തുന്നത്. എന്നാൽ നമ്മുടെ ശരീരത്തിനുള്ളിൽ, നാം അറിഞ്ഞും അറിയാതെയും, രാവും പകലും, വേറൊരു സമരം നടക്കുന്നുണ്ടെന്നുള്ള വിവരം പലൎക്കും ചെവിക്കു പുത്തരിയായിരിക്കാം. ഈ രണത്തിലെ മത്സരകക്ഷികൾ സദാ നമ്മുടെ ശരീരത്തിനുള്ളിൽ വസിക്കുന്നു. അവരിൽ പലരുടെയും ജന്മഭൂമിയും, അവരുടെ രണാങ്കണവും നമ്മുടെ ശരീരമാണ്. അവൎക്ക് അന്യോന്യം നശിപ്പിക്കുന്നതിനും, ആത്മരക്ഷ ചെയ്യുന്നതിനും ഉള്ള പടക്കോപ്പുകളും രക്ഷാസാമഗ്രികളും നമ്മുടെ ശരീരദ്വാരാ ലഭിക്കുന്നു.

ഈ യുദ്ധമാകട്ടെ, നമ്മുടെ ഓരോരുത്തരുടെയും ജീവിതകാലം മുഴുവൻ നടന്നുകൊണ്ടിരിക്കുന്നു. ശത്രുക്കളിൽ ചിലർ ശരീരത്തിൽ ആവിൎഭവിക്കയോ കടന്നുവരുകയോ ചെയ്യുമ്പോഴാണ് യുദ്ധം തുടങ്ങുന്നത്. എന്നാൽ, പുറമേ നിന്നു വരുന്ന ശത്രുക്കളെ ശരീരത്തിൽ കടക്കാൻ അനുവദിക്കാതെ തടുത്തുനിൎത്താവുന്നതാണ്. ഉദാഹരണമായി, മലമ്പനിയുടെ കൎത്താവായ കൊതുകിനെ നശിപ്പിച്ചു കളയുന്നതായാൽ ഈ പനിയുണ്ടാക്കുന്ന മൈക്രോബവുമായുള്ള സമരം വേണ്ടിവരുകയില്ല. അപ്പോൾ, നമുക്ക്, ഇംഗ്ലീഷുകാരെപ്പോലെ, ശത്രുക്കളെ ജന്മഭൂവിൽ കടത്തിവിടാതെ പുറരാജ്യങ്ങളിൽ വെച്ച് എതിൎത്തു പൊരുതാൻ കഴിയും.

എല്ലാ ജനങ്ങൾക്കും എല്ലാ സമയത്തും ഇംഗ്ലീഷുകാൎക്കു ലഭിച്ചിരിക്കുന്ന വിധത്തിലുള്ള ഭാഗ്യവും സൌകൎയ്യവും കിട്ടി എന്നു വരില്ല; ഫ്രെഞ്ചുകാൎക്കു സംഭവിച്ച മാതിരി, ചിലപ്പോൾ ജീവശത്രുക്കളാകുന്ന രോഗബീജങ്ങൾ ജന്മഭൂവാകുന്ന ശരീരത്തിനുള്ളിൽ കടന്നു എന്നു വരാം. ഇങ്ങിനെയുള്ള സന്ദൎഭങ്ങളിൽ ശത്രുക്കളെ ശൌൎയ്യത്തോടേ എതിൎത്തു പൊരുതു ശക്തിക്ഷയിപ്പിച്ചു തോല്പിച്ചോടിക്കാൻ ഫ്രെഞ്ചുകാർ ചെയ്യുന്ന പോലുള്ള പ്രവൃത്തിയാണ് നാമും ചെയ്യേണ്ടത്. ഇങ്ങിനെ ഒരു രാജ്യത്തിൽ സംഭവിക്കുന്ന മാതിരി ഒരു യുദ്ധമാണ് നമ്മുടെ ശരീരത്തിനുള്ളിൽ നടക്കുന്നത്. ജീവരക്ഷയ്ക്കു വേണ്ടി ഈ യുദ്ധത്തിൽ പൊരുതു ജയം നേടേണ്ടതു നമ്മുടെ കടമയും ആണ്.

അമേരിക്കക്കാരനായ ഒരു കോടീശ്വരനെപ്പററി ഒരു കഥ പറഞ്ഞു കേട്ടിട്ടുണ്ട്: ഉദ്ദേഹത്തിന് ഒരു ശിശു ജനിച്ചു. ഈ

ശിശു അദ്ദേഹത്തിന്റെ ഏക സന്താനവും സ്വത്തുക്കളുടെ അനന്തരാവകാശിയും ആയിരുന്നതു നിമിത്തം, ആ ശിശുവിന്റെ ജീവനെ അദ്ദേഹം സാമാന്യത്തിലധികം വിലമതിച്ചു. മനുഷ്യജീവനെ, വിശേഷിച്ചും, ശിശുജീവനെ, നശിപ്പിക്കുന്ന മൈക്രോബങ്ങളെപ്പററിയും, അവയെ തടുത്തുനിർത്തേണ്ട മാർഗ്ഗങ്ങളെപ്പററിയും ഈ പിതാവിന് അറിവുണ്ടായിരുന്നു. പാലിലും ജലത്തിലും ഇത്തരം അനേകായിരം മൈക്രോബങ്ങൾ ഉണ്ടായിരിക്കാവുന്നതിനാൽ, കുട്ടിക്കു കൊടുക്കുന്ന ആഹാരസാധനങ്ങളെല്ലാം തിളപ്പിച്ചു വേകിച്ചു രോഗബീജങ്ങളെ നശിപ്പിച്ച ശേഷമേ കൊടുപ്പാൻ പാടുള്ളു എന്ന് അച്ഛൻ ആജ്ഞാപിച്ചു. ശരി! ആഹാരസാധനങ്ങളിൽ ഉള്ള വിഷകൃമികളെ നശിപ്പിക്കാൻ നല്ല മാർഗ്ഗം തന്നെയാണ് ഈ അച്ഛൻ ഏർപ്പാടു ചെയ്തത്. എന്നാൽ കുട്ടി ആഹാരം കൊണ്ടു മാത്രമാണോ ജീവിക്കുന്നത്? അതു ശ്വസിക്കുന്ന വായുവിലുള്ള അനേകായിരം വിഷകൃമികളോ? ഈ വിഷകൃമികൾ കുട്ടിയുടെ ശരീരത്തിൽ കടക്കാതിരിപ്പാൻ അച്ഛൻ വേറൊരുപായം കണ്ടുപിടിച്ചു. കുട്ടിക്കു പാർപ്പാൻ ഒരു ഊക്കൻ കണ്ണാടിക്കൂടു നിർമ്മിച്ചു. ഇതിൽ വായുപ്രവേശനത്തിന്നായി ഒരു കണ്ണാടിക്കുഴലും വച്ചു. കുഴൽവഴിയായി അകത്തു വരുന്ന വായുവിലുള്ള വിഷകൃമികളെ തടഞ്ഞുനിർത്തുന്നതിന് ഈ കുഴൽ പഞ്ഞിനൂൽ കൊണ്ടടച്ചു. ഇതും നല്ലൊരു സമ്പ്രദായം തന്നെ. പക്ഷേ, ഇത്തരം സമ്പ്രദായം എത്രനാൾ ഉപകരിക്കുമെന്നാലോചിക്കാം. കുട്ടിയെ കണ്ണാടിക്കൂട്ടിലടച്ച് എത്രനാൾ വളർത്താം? കുട്ടി വലുതായി കൂട്ടിന്നു പുറത്തു വരുമ്പോൾ, വിഷകൃമികളുമായി എതിർത്തു പൊരുതാൻ ശക്തിയും അഭ്യാസവും ഇല്ലാതിരിക്കയും, കുട്ടിയുടെ ജീവൻ അചിരേണ ശത്രുക്കൾക്കധീനമാകയും ചെയ്യും.

നമ്മുടെ ശരീരത്തിൽ ശത്രുക്കളായ വിഷകൃമികൾ കടക്കാതാക്കുന്നതുദുസ്സാധം തന്നെ. ഈ വിഷകൃമികൾ ലോകശത്രുക്കളായ ജർമ്മൻകാരെപ്പോലെ സമർത്ഥന്മാരും ക്രൂരന്മാരും നിഷ്ഠുരന്മാരുമാണ്; പ്രതിയോഗികളെ നശിപ്പിക്കുന്നതിനു ജർമ്മൻകാരുപയോഗിക്കുന്ന വിഷവായുക്കൾ, അഗ്ന്യസ്ത്രങ്ങൾ മുതലായവപോലുള്ള പല വിധ്വംസനസാമഗ്രികളും ഇവരുടെ കൈവശമുണ്ട്. അതിനാൽ നമുക്കു ജീവിതത്തിൽ കൊതിയുള്ള പക്ഷം ഈ ശത്രുക്കളോടു പൊരുതു ജയംനേടാൻ അഭ്യസിക്കയും, യുദ്ധോപകരണങ്ങൾ ശേഖരിക്കയും ചെയ്കതന്നെ വേണം.

നമ്മുടെ ശരീരത്തെ ശത്രുക്കൾ ആക്രമിക്കുന്നതിനു സാംക്രമികരോഗബാധ എന്നു പറയുന്നു. പകർച്ചവ്യാധികൾ ബാധിച്ചാൽ രോഗികളുടെ ശരീരത്തിൽനിന്നും ഈ ശത്രുസൈന്യം മററു ജനങ്ങളെ ആക്രമിക്കാതിരിപ്പാൻ വേണ്ടി രോഗികളെ മററുള്ളാളുകളുടെ ഇടയിൽനിന്നു പിരിച്ചു പാർപ്പിക്കുന്നു. എന്നാൽ, ഇങ്ങിനെ പിരിച്ചു പാർപ്പിച്ചതുകൊണ്ടു ശത്രുബാധയെ അകററുവാൻ കഴികയില്ലെന്നു നല്ലവണ്ണം ആലോചിച്ചാൽ മനസ്സിലാകുന്നതാണ്. ഉദാഹരണമായി ഒരു പ്രത്യേക രോഗത്തെപ്പററി ചിന്തിച്ചു നോക്കുക: "നീർക്കെട്ട്" എന്നു പറഞ്ഞുവരുന്ന ശ്വാ

സകോശരോഗത്തെപ്പററി എല്ലാവരും കേട്ടിരിപ്പാനിടയുണ്ട്. ഇത് ഒരു ഭയങ്കര രോഗമാണ്; എല്ലാ പ്രായത്തിലും തരത്തിലുമുള്ള പല ആളുകളെയും ഇതു കൊല്ലുന്നുമുണ്ട്. ഈ രോഗത്തിന്റെ കാരണം ന്യൂമോകോക്കസ് എന്നു പറയുന്ന വൃത്താകൃതിയിലുള്ള ഒരു മൈക്രോബമാണ്. ഈ രോഗം ബാധിച്ചിട്ടുള്ള ആളുകളെ മാററിപ്പാർപ്പിച്ചതുകൊണ്ടു മററു ജനങ്ങൾക്കു യാതൊരു ഗുണവും ലഭിക്കുന്നതല്ല. ചില രാജ്യങ്ങളിൽ കുഷ്ഠരോഗികളെ മററു ജനങ്ങളുടെ ഇടയിൽ നിന്നു മാററിപ്പാർപ്പിക്ക നിമിത്തം ആ രോഗത്തിന്റെ പകർച്ച മാറുകയും, കുഷ്ഠരോഗം തന്നെ ആ രാജ്യങ്ങളിൽ ഇല്ലാതാകയും ചെയ്തതായി കേട്ടിട്ടുണ്ട്. എന്നാൽ നിക്കെട്ട് എന്നു പറയുന്ന രോഗം ഈ വിധത്തിൽ നശിപ്പിക്കാൻ സാധിക്കയില്ല. എന്തെന്നാൽ എല്ലാ ആളുകളുടെയും ജീവിതത്തിൽ ഒരിക്കൽ അല്ലെങ്കിൽ മറെറാരിക്കൽ ഈ രോഗബീജം വായിലോ കണ്ഠനാളത്തിലോ, ശ്വാസകോശങ്ങളുടെ മുകൾഭാഗങ്ങളിലോ ഉണ്ടായിക്കാണുന്നു. മിക്ക ആളുകളുടെയും വായിൽ പലതരം രോഗാണുക്കൾ— കവിൾവാർപ്പിന്റെയോ, കാസശ്വാസത്തിന്റെയോ,— ഉണ്ട്. ഒരു ശിശു ജനിച്ച പതിനൊന്നാം ദിവസം അതിന്റെ ശരീരത്തിനുള്ളിൽ ഒരു വിഷരോഗബീജം സ്ഥിതിചെയ്തിരുന്നതായി കണ്ടിട്ടുണ്ട്. ഇത്തരം മൈക്രോബങ്ങൾ ശിശുകാലം മുതൽ ജീവിതകാലം മുഴുവൻ നമ്മുടെ ശരീരത്തിൽ പാർക്കുന്നു. കണ്ണാടിക്കൂട്ടിലാക്കി കുട്ടിയെ രക്ഷിക്കാമെന്നു കരുതിയ കോടീശ്വരന്റെ ശ്രമം നിഷ്ഫലമായിട്ടേ പര്യവസാനിക്കയുള്ളൂ എന്ന് ഇപ്പോൾ മനസ്സിലായല്ലോ.

അനേകായിരം വിഷബീജശത്രുക്കളെ നമ്മുടെ ശരീരത്തിനുള്ളിൽ പാർപ്പിക്കാതെ കഴികയില്ല. ഈ ശത്രുക്കൾ അവയ്ക്കു കഴിവുള്ള പക്ഷം നമ്മെ കൊല്ലുകയും ചെയ്യും. അവയ്ക്കു കഴിവുള്ള പക്ഷം, അതായതു, അവയുമായുള്ള സമരത്തിൽ നാം തോല്ക്കുന്ന പക്ഷം, മാത്രമേ അവ നമ്മെ കൊല്ലുകയുള്ളൂ. നിർക്കെട്ടു ബാധിച്ച എത്രയോ ആളുകൾ സുഖപ്പെട്ടു ജീവിക്കുന്നതായി നാം കാണുന്നുണ്ട്. ഈ രോഗബാധയുടെ ആദ്യഘട്ടങ്ങളിൽ, ഇപ്പോൾ ഫ്രാൻസ്രാജ്യത്തെ ആക്രമിച്ചിരിക്കുന്ന ജർമ്മൻകാരെപ്പോലെ, ശത്രുസൈന്യങ്ങൾക്കു പ്രാബല്യവും ജയവും സിദ്ധിച്ചു എന്നു വരാം. എന്നാലും ക്രമേണ, ഫ്രഞ്ചുകാരെപ്പോലെ, നാം സൈന്യശേഖരം ചെയ്തും രക്ഷാമാർഗ്ഗങ്ങൾ കണ്ടുപിടിച്ചും മററും പ്രയത്നിക്കുന്നതായാൽ ഒടുവിൽ ശത്രുക്കളെ പരാജിതരാക്കി ഓടിച്ചുകളയാൻ സാധിക്കും. ഇങ്ങിനെ ശത്രുക്കളെ തോല്പിച്ചോടിക്കുമ്പോൾ, നാം രോഗബാധയിൽനിന്നു മോചിക്കപ്പെടുകയും, രക്ഷപ്രാപിക്കയും ചെയ്യുന്നു. ഇപ്പോൾ നമ്മെ രക്ഷിച്ചതാരാണ്? നാം തന്നെ! നമുക്കു പുറമേനിന്നും സഹായം ലഭിച്ചു; ശരിതന്നെ. രോഗിപരിചാരകന്മാർ നമ്മെ ശുശ്രൂഷിച്ചു ക്ലമപരിഹാരം ചെയ്കയും, വൈദ്യന്മാർ ആത്മരക്ഷാസാമഗ്രികളായ മരുന്നുകൾ നമുക്കു തരുകയും ചെയ്തു. എന്നാൽ ശത്രുഭടന്മാരുമായി നേരിട്ടു യുദ്ധം ചെയ്തതും ജയിച്ചതും നമ്മുടെ സ്വന്തം പ

ണിതന്നെ. "തന്നെത്താൻ തുണപ്പോ രെദൈവവും തുണച്ചീടും" എന്ന ആപ്ത വാക്യത്തിന്റെ പരമാൎത്ഥം ഇക്കാൎയ്യത്തിൽ എത്ര പ്രത്യക്ഷമായിരിക്കുന്നു!

(തുടരും)

കണ്ണൂർ. ബീ- കല്യാണിഅമ്മ, ബി. ഏ.

## ഈശ്വരപ്രാൎത്ഥന.

THE LORD'S PRAYER.

ദിവിഷ്ഠനാം ഞങ്ങടെ താത! പൂജിതം
ഭവാന്റെ നാമം വിലസീടണം സദാ
ഭവിക്ക! നിൻ വാഴ്ച ജനേ; യഥാ ദിവി,
തവേപ്സിതം താൻ കൃതമാക ഭൂവിലും
തരേണമിന്നന്നദ സൂൎദിവാശനം
ഇളെയ്ക്കു! ഞങ്ങൾക്കു ഋണങ്ങളെ ബ്‌ഭവാ—
നിളെയ്ക്കു മന്യൎക്കു വയം യഥാ തഥാ
ദയാഢ്യ! ദുഷ്പ്രേരണയിങ്കലെങ്ങളെ
നയിക്കൊലാ! ദുഷ്ടമൊഴിച്ചു കാക്കുക!
തവാദിയമാം രാജ്യവുമൂൎജ്ജവും യശ—
സ്സതും സമസ്തേശ! യഥാസ്തു സൎവ്വദാ.

തിരുവനന്തപുരം. —ഏ. ഗോവിന്ദപിള്ള.

## ഒരു കഷ്ടകനുണ്ടാവുന്ന സന്തോഷം.

എല്ലാ മനുഷ്യരും മിക്കപ്പോഴും എന്തെങ്കിലും പ്രവൎത്തിച്ചുകൊണ്ടേ ഇരിക്കുന്നു: ചിലർ കോടതിയിൽ വ്യവഹരിക്കുന്നു; ചിലർ പുസ്തകങ്ങൾ എഴുതുന്നതിനുള്ള കഥകളെക്കുറിച്ചു സശ്രദ്ധം ആലോചിക്കുന്നു; ചിലർ പാഠശാലകളിൽ പ്രസംഗിക്കുന്നു; ചിലർ പണം സമ്പാദിക്കുന്നതിനുള്ള ഏററവും എളുപ്പമായ മാൎഗ്ഗമേതെന്നന്വേഷിക്കുന്നു. എന്നാൽ ഈ പ്രവൃത്തികളെല്ലാം ക്രമമായി നടക്കണമെങ്കിൽ, മററൊരു കൂട്ടർ മുടങ്ങാതെ പ്രവൎത്തിക്കേണ്ടത് അത്യാവശ്യമാകുന്നു. അവരുടെ പ്രവൃത്തി, ഒരു കപ്പലിൽ യാത്രക്കാരുടെ പ്രവൃത്തിയെക്കാൾ കപ്പിത്താന്റെ പ്രവൃത്തി എന്ന പോലെ, മററുള്ളവരുടെ പണികളെക്കാൾ ശ്രേഷ്ഠതമവും, അപരിഹാൎയ്യവുമാകു

ന്നു. വാസ്തവത്തിൽ അവരെപ്പോലെ പരിശുദ്ധജീവിതസുഖം മററുള്ളവർ അനുഭവിക്കുന്നുമില്ല. എന്നാൽ ഒരാളെ സംബന്ധിച്ച്, അയാളുടെ പ്രവൃത്തിയെ കുറിക്കുന്ന 'കൃഷകൻ' എന്ന പേർ കേൾക്കുമ്പോൾ, ഒരു വക്കീൽ എന്നോ, ഗ്രന്ഥകാരൻ എന്നോ, അദ്ധ്യാപകൻ എന്നോ പറയുമ്പോഴത്തെപ്പോലെയുള്ള ബഹുമാനം സാധാരണ ജനങ്ങൾക്കുണ്ടാകുന്നില്ല. നാം, നമ്മുടെ കർത്തവ്യം നിർവ്വിഘ്നം ചെയ്യുന്നു എന്നു വിശ്വാസമുള്ള പക്ഷം, അന്യന്മാർ നമ്മെപ്പററി എങ്ങനെ വിചാരിക്കുന്നു എന്നോ പറയുന്നു എന്നോ അന്വേഷിക്കുന്നതെന്തിന്?

കൃഷിക്കാരൻ അതിരാവിലെ എഴുനേൽക്കുന്നു. തൻെറ പ്രവൃത്തിക്ക് ഒഴിച്ചുകൂടാത്തവ എന്നുള്ള അതിപ്രിയം മൂലം ശുചിയായ്‌വണ്ണം സൂക്ഷിച്ചിട്ടുള്ള പണിയായുധങ്ങൾ എടുത്തുകൊണ്ടു തോട്ടത്തിലേയ്ക്കു മന്ദമായി നടക്കുന്നു. പ്രവൃത്തിയിലുള്ള ഉദാസീനതയാൽ അങ്ങനെ നടക്കുന്നു എന്നു വിചാരിക്കരുതേ! അയാൾ നടക്കുന്ന തോട്ടത്തിൻെറ നടുക്കുള്ള ചെറുപാതയുടെ ഇരുവശവുമായി, പ്രഭാതത്തിലെ മൃദുലമനോഹരമായ കുളിർക്കാററിൽ ആടിക്കളിക്കുന്ന തൻെറ ചെറുചെടികളെ കണ്ടുനോക്കി സന്തോഷിക്കാതെ പോയാൽ, അയാൾ ഒരുത്തമകൃഷിക്കാരനല്ലെന്നു വരും! പരമാർത്ഥത്തിൽ മററൊരാൾക്ക്, ആശിച്ചതൊഴിൽ ലഭിച്ച്, അതിലേയ്ക്കായി ആദ്യം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ഉത്സാഹവും ഔർജ്ജിത്യവും പോലും, ഒരുത്തമകർഷകൻെറ നിത്യോത്സാഹത്തെപ്പോലെ പരിശുദ്ധവും ശ്രേഷ്ഠവുമായിരിക്കുകയില്ല.

അയാൾ, സൂര്യരശ്മികൾ അത്യുഷ്ണങ്ങളായി തുടങ്ങുമ്പോൾ, പണി അവസാനിപ്പിക്കുന്നു. തൻെറ ജോലിക്കു വിഘ്നം നേരിടുന്നുവെങ്കിലും സൂര്യപ്രകാശത്താൽ കർഷകൻ സന്തോഷിക്കുകയേ ഉള്ളൂ; എന്തെന്നാൽ, തൻെറ കണ്ണു കുളിർപ്പിക്കുന്ന തോട്ടത്തിലെ പച്ചനിറത്തിനു കാരണം സൂര്യപ്രകാശമാണെന്ന് അയാൾക്കറിവുണ്ടായിരിക്കും.

വെയിൽ ഒട്ടാറുന്നതു വരെ, ആഹ്ലാദജനകമായ എന്തെങ്കിലും പ്രവൃത്തിയിലേപ്പെട്ടിരുന്നതിനു ശേഷം അയാൾ വീണ്ടും തൻെറ തോട്ടത്തിലേയ്ക്കിറങ്ങുന്നു. ഈ അവസരത്തിലാണ് കർഷകൻ അന്യോപലഭ്യമല്ലാത്ത സന്തോഷം അനുഭവിക്കുന്നത് എന്നു, തൻെറ തോട്ടത്തിൽ വളർന്നും, കനിഞ്ഞും, ചരിഞ്ഞും, മന്ദമായി ഓരോന്നു സംസാരിക്കുകയോ ഗാഢമായി എന്തെങ്കിലും ആലോചിക്കുകയോ ചെയ്തുകൊണ്ടും ഉലാത്തുന്ന അയാളുടെ മുഖഭാവത്തിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. പ്രായേണ ഈ അവസരത്തിൽ, കൃഷിക്കാരൻെറ മുഖം, നിർവ്യാജഭക്തിയോടു കൂടി ഈശ്വരധ്യാനം ചെയ്യുന്ന ഒരു മഹായോഗിയുടേതെന്ന പോലെ, പരിശാന്തമായിരിക്കും. അതാണല്ലോ യഥാർത്ഥാനന്ദാനുഭവത്തിൻെറ ലക്ഷണവും.

ചെടികളുടെ പലതരം ആകൃതിവിശേഷങ്ങളും, പ്രകൃതിപ്രിയന്മാർ ഏററവും കാമനിക്കുന്ന പുഷ്പങ്ങളുടെ മഹത്ത്വവും, ഇവയ്ക്കെല്ലാം അപ്പോഴപ്പോഴായി സംഭവിക്കുന്ന മാററങ്ങളും മററും ചിലപ്പോൾ കർഷകനെ ഗാഢാലോചനകളിൽ നിമഗ്നനാക്കുന്നു. താൻ വിത്തു കുഴിച്ചിട്ടു, കി

ളുത്തു, താൻതന്നെ തയ്യാർചെയ്തു വളങ്ങൾ അനുഭവിച്ചു വളൎന്നു വരുന്ന ഒരു ചെടിയുടെ ഓരോ ഭാഗങ്ങളേയും പരിശോധിക്കുകയും; ഋതുഭേദത്താൽ അവയ്ക്കു സംഭവിക്കുന്ന ഭാവവ്യത്യാസങ്ങളെക്കുറിച്ചു പൎയ്യാലോചിക്കുകയും ചെയ്യുമ്പോൾ, വിശിഷ്ടഗുണമായ സ്നേഹം അല്പമെങ്കിലും ഉള്ള ഒരു കൃഷിക്കാരൻ എത്ര ഗൌരവമേറിയ കൃത്യാന്തരങ്ങളെപ്പോലും തീരെ വിസ്മരിച്ചു പോയേക്കും.

ഒരിക്കൽ ഒരു മഹാനെ ഒരു മഹാസഭയിലെ അഗ്രാസനാധിപതിയായി ക്ഷണിക്കുകയും അദ്ദേഹം ആ ക്ഷണം സ്വീകരിക്കുകയും ചെയ്തു. തന്റെ പ്രസംഗങ്ങളെക്കുറിച്ച് ആലോചിക്കാം എന്നു വിചാരിച്ച് അദ്ദേഹം രാവിലെ തോട്ടത്തിൽ എത്തി, തനിക്കേററവും വാത്സല്യമുള്ള ഒരു ചെടിയുടെ ചുവട്ടിൽ ഉലാത്തിക്കൊണ്ടു നില്ക്കുകയും, ഒടുവിൽ ആ ചെടിക്കു സംഭവിച്ച എന്തോ വ്യത്യാസം കണ്ട് അതിനെ സംബന്ധിച്ച ഗാഢാലോചനകളിൽ പെട്ടുപോകയും ചെയ്തു. അദ്ദേഹത്തിനു സഭാമണ്ഡപത്തിൽ എത്താൻ സാധിച്ചില്ല എന്നു പറഞ്ഞാൽകഴിഞ്ഞില്ലോ. സംഘപ്രവൎത്തകന്മാർ തങ്ങൾക്കു സംഭവിച്ച നഷ്ടങ്ങൾക്ക് ഉത്തരം പറയിക്കണം എന്നു തീൎച്ചപ്പെടുത്തി കേസ്സു കൊടുത്തു. ന്യായാദ്ധ്യക്ഷനാകട്ടെ, അദ്ദേഹം പറഞ്ഞ വാസ്തവമായ സമാധാനം കേട്ട് അദ്ദേഹം കുററക്കാരനല്ലെന്നു വിധിക്കുകയാണുണ്ടായത്.

ചെറുവല്ലികളുടെ ഇടയിൽ കൂടി പോകുമ്പോൾ അവയുടെ ഇലകളും പരിമളമേറിയ കുസുമങ്ങളും ഉരസിയുണ്ടാകുന്ന, കൎഷകന്റെ സൌഖ്യം "തന്വംഗി കാന്തമൃദുപാണികൾകൊണ്ടു മന്ദം" തലോടുമ്പോൾ ഉണ്ടാകുന്നതിനെക്കാൾ എത്ര വിശിഷ്ടം! തന്റെ തോട്ടത്തിൽ കൂടുകൾ കെട്ടി, തന്റെ പ്രവൃത്തിഫലങ്ങളുടെ ഒരംശം ആഹാരത്തിനു സ്വീകരിച്ചുകൊണ്ടു നിൎബ്ബാധം ജീവിതസുഖമനുഭവിക്കുന്ന പക്ഷിവൃന്ദം, കൃതാൎത്ഥതാസൂചകമായോ എന്നു തോന്നുമാറു പുറപ്പെടുവിക്കുന്ന മധുരനിനദം ഒരു കൎഷകനെ എത്രയെത്ര ആനന്ദിപ്പിക്കുകയില്ല?

ചുരുക്കത്തിൽ ഇങ്ങിനെ പറഞ്ഞ് ഈ ഉപന്യാസം ഉപസംഹരിക്കാം: തോട്ടത്തിലെ പരിശുദ്ധവായുവും, നിയമേനയുള്ള ദേഹാദ്ധ്വാനവും, ദുൎജ്ജനസഹവാസത്തിനായി സമയം കളയാതെ തോട്ടത്തിലെ അകൃത്രിമസാധനങ്ങളിൽ ദൃഷ്ടി പതിപ്പിച്ച്, ഈശ്വരമാഹാത്മ്യത്തെക്കുറിച്ചു പൎയ്യാലോചന ചെയ്കയാൽ വിശുദ്ധവും വിശാലവും ആയ ഹൃദയത്തിന്റെ സ്വസ്ഥതയും, ഉചിതാഹാരസാധനങ്ങളും കൎഷകനെ രോഗബാധയിൽനിന്നു സദാപി സംരക്ഷിക്കുന്നു. ഇതിന്റെ എല്ലാം ഫലമായി ദീൎഘജീവിതസുഖം ലഭിക്കുകയും, അവസാനം അനായാസേന ദേഹവിയോഗം ഭവിക്കുകയും ചെയ്യുന്നു.

തിരുവല്ലാ.

—എം. നാരായണപിള്ള.

## ധർമ്മംജയിക്കും.

## II

ബീമണി പ്രഹരംകൊണ്ടു നിലത്തുകിടന്നുരുളുന്നതു വരെ, ആ തവണക്കാരൻ തന്റെ യജമാനന്റെ ആജ്ഞയെ ശുഷ്കാന്തിയോടെ അനുഷ്ഠിച്ചു. ശിക്ഷ അനുഭവിച്ചതിന്നു ശേഷം, ബീമണി പതുക്കെ എഴുന്നേററു, രമണിബാബുവിനെ പോരിന്നു വിളിക്കുന്നതു പോലെ നോക്കിക്കൊണ്ടു, "നിങ്ങൾ എന്നെ അതിക്രൂരമായി ശിക്ഷിച്ചു; നമ്മുടെ സകല കർമ്മങ്ങളേയും കണ്ണൊഴിയാതെ കണ്ടുംകൊണ്ടിരിക്കുന്ന ഒരു ദൈവമുണ്ടെന്നു നിങ്ങൾ താമസിയാതെ അറിയും. അദ്ദേഹം നിശ്ചയമായിട്ടും ഇതിന്നുള്ള പ്രതിക്രിയ ചെയ്യും." എന്നു പറഞ്ഞ്, അവിടെനിന്നു പോകുവാൻ ഭാവിച്ചു.

രമണിബാബു:— നിന്റെ അധികപ്രസംഗം ഇനിയും ശമിച്ചിട്ടില്ല, അല്ലേ? ഹെ, തവണക്കാരാ! ഒരു ഡോസു കൂടിയും അവനു കൊടുക്കു!

ബീമണി:— (അലറിക്കൊണ്ടു) ഇഷ്ടം ഉള്ളേടത്തോളം തല്ലിക്കൊള്ളു! ഏറെ താമസിയാതെ നിങ്ങൾ ഇതിനെപ്പററി പശ്ചാത്താപിക്കാതെയിരിക്കയില്ല.— ഇതു പറഞ്ഞുംകൊണ്ട്, അവൻ, തന്റെ ഉപദ്രവികളെ ഭയലേശം കൂടാതെ നോക്കിനിന്നു. സർവ്വേശ്വരൻ പിന്നെയും അടിക്കുകയും, ബീമണിയുടെ ദേഹത്തിൽനിന്നു ചോര ഒലിക്കുവാൻ തുടങ്ങുകയും, ആ സാധു കുടിയാൻ ഇതെല്ലാം നിശ്ശബ്ദമായും, ചലനം കൂടാതെയും സഹിക്കുകയും ചെയ്തു. ശ്വാസോച്ഛ്വാസം ചെയ്യുന്നതിന്നായി തവണക്കാരൻ നിന്നപ്പോൾ ബീമണി പുച്ഛത്തോടുകൂടി രമണിബാബുവിനെ നോക്കുകയും, വളരെ മന്ദമായിട്ടാണെങ്കിലും, കോപത്തോടുകൂടി അവിടെനിന്നു പോവുകയും ചെയ്തു.

ഉടനെ തന്നെ വേറൊരു ബഹളം ഉണ്ടായി. ഒരു കുടിയാൻ പാട്ടമെല്ലാം ശരിയ്ക്കു കൊടുത്തുവെങ്കിലും, ഗുമസ്തന്മാർ കോഴ കൊടുക്കില്ലെന്നു ശഠിച്ചു. അപ്പോൾ അവരെല്ലാം കൂടി അവനെ ചുററി വളഞ്ഞു, ഞെക്കിപ്പിഴിയുവാൻ ആരംഭിച്ചു. നമ്മുടെ സാധുഷെയിക്ക് ഈ ഘോരകൃത്യമെല്ലാം ഒരു മുക്കിൽനിന്നു നോക്കിക്കൊണ്ടിരിക്കുകയും, "ഈ രാക്ഷസന്മാരുടെ കയ്യിൽനിന്നും എന്നെ രക്ഷിക്കണെ, ഈശ്വരാ!" എന്നു പ്രാർത്ഥിക്കുകയും ചെയ്തിരുന്നു. ഉടനെ തന്റെ അംശത്തിലെ ഗുമസ്തനായ ശ്രീകൃഷ്ണൻ തന്നെ കാണുകയും, പാട്ടം കൊണ്ടുവന്നിട്ടുണ്ടോ എന്നു ചോദിക്കുകയും ചെയ്തു. സാധുഷെയിക്ക് വിനയപൂർവ്വം സലാം ചെയ്ത് ഇങ്ങിനെ പറഞ്ഞു: "ബാബുജി! എന്റെ അവസ്ഥ നിങ്ങൾക്ക നല്ലപോലെ അറിയാമല്ലോ!"

ശ്രീകൃഷ്ണൻ:— (ഗർജ്ജിച്ചുംകൊണ്ടു) ഉണ്ടോ, ഇല്ലയോ, എന്നു പറ! നിന്റെ

കഴികഴിവുകൾ കേൾക്കാൻ എനിക്കു സമയമില്ല.

സാധുഷേയിക്ക്:— (ആപാദചൂഡം വിറച്ചുംകൊണ്ടു) ഞാൻ വളരെ ദരിദ്രനാണ്!

രമണിബാബു—ആരാണ് ഇത്?

ശ്രീകൃഷ്ണൻ:— കഴിഞ്ഞ ക്രിമിനൽ കേസ്സിൽ നിങ്ങൾക്കെതിരായി സാക്ഷി പറഞ്ഞ അധികപ്രസംഗി സാധുഷെയിക്കാണിത്!

രമണിബാബു:— ഈ കള്ളൻ എനിക്കു പാട്ടം തരാനുണ്ട്, ഇല്ലേ?

സാധുഷെയിക്ക്:— ബാബുജി, ദയവുചെയ്തു എന്നെ ശകാരിക്കാതെയിരിക്കുക! ഒരു നിമിഷനേരത്തേയ്ക്കു എൻെറ കഥ കേട്ടാലും!

രമണിബാബു:— (എഴുന്നീററ്) എടാ കഴവേറി, നീ എന്നോടു വാഗ്വാദം ചെയ്വാൻ ഒരുങ്ങുകയാണൊ? തവണക്കാരാ! ഈ അധികപ്രസംഗിക്കു ഒരു അമ്പതു അടി കൊടുക്കു!

കല്പന കേട്ട ഉടനെ തന്നെ സപ്രേശരൻെറ ചൂരൽ സാധുവിൻെറ പുറത്തു ശക്തിയോടെ വീഴുവാൻ തുടങ്ങി; ഒടുവിൽ അവൻ മോഹാലസ്യപ്പെട്ടു താഴെവീണു.

രമണിബാബു:— നോക്കു! അവൻ മയങ്ങി മരിക്കാറായി. അവനെ പുത്തേയ്ക്കു വലിച്ചെടുത്തു കൊണ്ടുപോയി മുഖത്തു വെള്ളം തളിച്ചു തൻേറടമുണ്ടാക്കുക.

ആജ്ഞാനുസരണം ചെയ്യപ്പെടുകയും, സാധുവായ സാധുഷെയിക്കിന്ന് എഴുന്നേററിരിക്കാറായപ്പോൾ അവനെ ആ ക്രൂരൻെറ മുമ്പാകെ കൊണ്ടുവരുകയും ചെയ്തു. വീണ്ടും കുടിശ്ശികയെല്ലാം തീക്കുവാൻ ആവശ്യപ്പെട്ടപ്പോൾ, തന്നാൽ അസാദ്ധ്യമാണെന്നു ദയനീയമായ സ്വരത്തിൽ അവൻ മറുപടി പറഞ്ഞു. അപ്പോൾ രമണിബാബു അവനെ കെട്ടിത്തൂക്കുവാൻ കല്പിച്ചു. ഉടനെ തന്നെ ഒരുകൂട്ടം ആളുകൾ ഓടിയെത്തി, അവനെ പിടികൂടി അവൻെറ ഇരുകക്ഷത്തിലും കൂടി കയറിട്ടു വലിച്ചു, ഒരു കഴിക്കോലിന്മേൽ കെട്ടിത്തൂക്കി. ഒരു മണിക്കൂറിന്നു ശേഷം, ഈ അപമാനകരമായ ശിക്ഷ അനുഭവിച്ച അവനെ താഴത്തിറക്കുകയും, പാട്ടക്കുടിശ്ശിക അടയ്ക്കുവാൻ കഴിയുമൊ എന്നു വീണ്ടുംചോദിക്കുകയും ചെയ്തു. തൻെറ കഴിവില്ലായ്മയെ അവൻ വീണ്ടും അറിയിച്ചപ്പോൾ, രമണിബാബു അവൻെറ കുടിൽ വലിച്ചു പൊളിച്ചെറിഞ്ഞ്, അവിടെ നെല്ലുവിതയ്ക്കുവാൻ കല്പന കൊടുത്തു. അനന്തരം അവിടെനിന്നു പോകുവാൻ സമ്മതിക്കുകയും ചെയ്തു.

തൻെറ താമസസ്ഥലത്തെത്തിയപ്പോൾ, ഉമ്മറത്തു ബീമണി അവനെ കാത്തുംകൊണ്ടിരിക്കുന്നതായി അവൻ കണ്ടു.

ബീമണി:— സ്നേഹിതാ! ഞാൻ എൻെറ കഷ്ടാരിഷ്ടങ്ങളെപ്പററി പോലീസ്സുകാരെ അറിയിച്ചിട്ടുണ്ട്. ഞാൻ നാളെ ഗോറിയാപട്ടണത്തിൽ ചെന്നു ഡിപ്ട്യൂട്ടി മജിസ്ട്രേട്ടിൻെറ മുമ്പാകെ രമണിബാബുവിൻെറ ക്രൂരതയെപ്പററി ആവലാധി

പറയുവാൻ തീർച്ചയാക്കിയിരിക്കുന്നു. നീ തെളിവു കൊടുപ്പാൻ എന്നെ സഹായിക്കുമോ?

സാധുഷെയിക്ക്:— നിശ്ചയമായും ഞാൻ അതു ചെയ്യാം, സ്നേഹിതാ! എന്നാൽ എനിക്കു ആദ്യമായി കുമുദിനിബാബുവിന്റെ പുത്രനായ ജാദുനാഥബാബുവിനെ കണ്ട് ഒന്നാലോചിക്കണം. അദ്ദേഹം നിശ്ചയമായും എന്നെ സഹായിക്കാതിരിക്കില്ല.

ബീമണി പോയതിന്നു ശേഷം സാധുഷെയിക്ക് തന്റെ രക്ഷകന്റെ അടുക്കൽ ചെല്ലുകയും, തന്റെ കഷ്ടപ്പാടുകളെല്ലാം വിവരിച്ചുപറകയും ചെയ്തു.

ജാദുബാബു:— നീ നിരാശപ്പെടേണ്ടാ! ഞാൻ എന്നാൽ കഴിയുന്നതെല്ലാം ചെയ്തു രമണിബാബുവിനെ ഒരു പാഠം പഠിപ്പിച്ചേക്കാം.

ഈ വാക്കു കേട്ടു സാധു സന്തുഷ്ടനാവുകയും, വീട്ടിലേക്കു തിരിച്ചു ചെന്നു കിടക്കുകയും വേഗത്തിൽ നിദ്രപ്രാപിക്കയും ചെയ്തു.

അർദ്ധരാത്രി സമയത്തു തന്റെ വീട്ടിന്നു നാലുഭാഗത്തും ഒരു അസാധാരണ ശബ്ദം കേട്ടു. പുറത്തു വന്നു നോക്കിയപ്പോൾ അവൻ കണ്ട കാഴ്ച എന്തായിരുന്നു! രമണിബാബുവിനാൽ നിയോഗിക്കപ്പെട്ട ഒരു കൂട്ടം മുട്ടാളന്മാർ വന്നു തന്റെ കുടിലാസകലം പിടിച്ചു വലിച്ചു കളയുന്നതാണ് അവൻ കണ്ടത്. സാധു അവരോടു അപ്രകാരം ചെയ്യരുതെന്നു വളരെ അപേക്ഷിച്ചു എങ്കിലും, അവർ അവനെ ഭയപ്പെടുത്തുകയാണുണ്ടായത്. അതിനാൽ നിർഭാഗ്യവാനായ സാധു അടുത്തുള്ള ഒരു പുളിമരത്തിന്റെ ചുവട്ടിൽ പോയി തന്റെ വസതിയെ പൊളിച്ചെറിയുന്നതു കണ്ടുംകൊണ്ടു നിസ്സഹായനായി നിന്നു! പൊളിച്ചെടുത്ത സാധനങ്ങളെല്ലാം, ഒരു വണ്ടിയിൽ കയററി അയച്ചു, ആ സ്ഥലമെല്ലാം ഉടനെ ഉഴുത്, അവിടെ ധാന്യം വിതക്കപ്പെട്ടു. ആ പരിതാപകരമായ രാത്രിയിലെ ബാക്കിസമയമെല്ലാം മരച്ചുവട്ടിൽ തന്നെ അവൻ കഴിച്ചുകൂട്ടി. പിറേറന്നാൾ പ്രഭാതത്തിൽ അവൻ ജാദുബാബുവിന്റെ അടുക്കൽ ചെന്നു, തലേരാത്രി തന്റെ ശത്രു ചെയ്ത സാഹസപ്രവൃത്തിയെ അറിയിച്ചു. അദ്ദേഹം സാധുവിനെ പോലീസ്സ് സ്റ്റേഷനിൽ അയച്ചു, സങ്കടം പറയിക്കുകയും, അവന്ന് ഒരു വീടും, കൃഷി ചെയ്യുന്നതിന്നായി കുറെ നിലവും കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു. അതേപ്രകാരം തന്നെ പതിനഞ്ചു ദിവസത്തിന്നകത്തു ഒരു പുതിയ കുടിലും തനിക്കു സുഖമായി ഉപജീവനം കഴിച്ചുപോരുന്നതിന്നു വേണ്ട കൃഷിസ്ഥലവും സാധുവിന്നു കരസ്ഥമായി. ആ പുതിയ കുടിലിൽ, ജാദുബാബുവിന്റെ ആയുരാരോഗ്യസമ്പൽസമൃദ്ധിക്കായി പ്രാർത്ഥിച്ചുംകൊണ്ട്, അവൻ വാസമുറപ്പിച്ചു. തന്റെ ഭാര്യയെയും, ഭാര്യയുടെ ചെറിയ സഹോദരിയെയും അവിടെ വിളിച്ചുവരുത്തി പാർപ്പിക്കുകയും ചെയ്തു.

ഇതിന്നിടയ്ക്കു, ബീമണിയുടെ ആവലാതി കേട്ടു, മജിസ്ട്രേട്ടു രമണിബാബുവിന്നും അവന്റെ ഭൃത്യവർഗ്ഗങ്ങൾക്കും സമൻസ് അയച്ചു വരുത്തി കേസ്സാരംഭിച്ചു. ഗോറിയാപട്ടണത്തിൽ ഡിപ്യൂട്ടിമജിസ്ട്രേ

ട്ടിന്റെ മുമ്പാകെ ആയിരുന്നു കേസ് വിചാരണയ്ക്കു വെച്ചിരുന്നത്. പ്രതികളെല്ലാം കുററക്കാരല്ലെന്നു വാദിച്ചു. എങ്കിലും അവരിൽ ആക്കും ബീമണിയെ കൊല്ലാത്തവിധം പ്രഹരിച്ചു എന്ന സംഗതിയെ മറച്ചുവെപ്പാൻ സാധിച്ചില്ല. ബീമണി കുടിയാന്മാരുടെ ഇടയിൽ ചെന്നു സ്വാമിദ്രോഹം പ്രസംഗിച്ച് ഒരു ലഹള കൂട്ടുവാൻ ഒരുങ്ങിയതു കൊണ്ടാണ് അവനെ ഉപദ്രവിച്ചതെന്ന് അവർ പറഞ്ഞു.

ജാദുബാബു ഈ അവസരത്തിൽ മടിയനായിരുന്നില്ല. അദ്ദേഹം ബീമണിയ്ക്കു സമത്ഥനായ വക്കീലിനെ ഏല്പിച്ചുകൊടുക്കുകയും, സാക്ഷിബത്തയ്ക്കായുള്ള സകല ചിലവും സ്വന്തം കയ്യിൽനിന്നു കൊടുക്കുകയും ചെയ്തു. ഈ സഹായം കണ്ടു ധൈര്യം അവലംബിച്ചു, ബീമണിയെ പ്രഹരിക്കുമ്പോൾ ഹാജരുണ്ടായിരുന്ന അനേകം കുടിയാന്മാർ തെളിവുകൊടുപ്പാൻ വന്നു. എന്നുമാത്രമല്ല, പ്രതികൾ കൊണ്ടുവന്ന ചാജ്ജിനെ നിഷേധിക്കുകയും ചെയ്തു. അതിനാൽ രമണിബാബുവിന്റെയും, അവന്റെ ഭൃത്യവഗ്ഗത്തിൽ മൂന്നുപേരുടെയും, ശിക്ഷയിലാണ് കേസ്സ് അവസാനിച്ചത്. അനന്തരം സാധുഷെയിക്ക് കൊണ്ടുവന്ന കേസ്സ് വിചാരണക്കെടുത്തു. ഈ കേസ്സ് ഗൌരവമേറിയതായിരുന്നതിനാൽ, കല്ക്കത്താവിൽ നിന്നും കൊണ്ടുവരപ്പെട്ടിരുന്ന പ്രതിഭാഗം ബാരിസ്റ്റർ തെളിവു ശേഖരിക്കുന്നതിന്നായിട്ടു കേസ്സ് ഒരു വാരസമയത്തേയ്ക്കു നീട്ടിക്കിട്ടിയാൽ കൊള്ളാമെന്ന് അപേക്ഷിക്കുകയും, കോടതി അതു കൈക്കൊള്ളുകയും ചെയ്തു.

ഈ അവസരത്തിൽ മൊഹറം ഉത്സവം ക്ഷേമമായി നടക്കുകയായിരുന്നു. വ്യവഹാരകായ്യത്തിൽ തിരക്കായി ഏപ്പെട്ടിരുന്നതുകൊണ്ടു സാധുഷെയിക്കിന്ന് ഈ ഉത്സവത്തിൽ പങ്കുകൊള്ളുവാൻ സാധിച്ചില്ല. അവൻ തന്റെ ഭായ്യയെ ഗോറിയാം നഗരത്തിൽ ഒരു ബന്ധുഗൃഹത്തിലെയ്ക്കു അയച്ചു; പക്ഷേ, ഭായ്യയുടെ സോദരിയ്ക്കു ജ്വരം ബാധിച്ചിരുന്നതിനാൽ അവൾക്കു പോകാൻ സാധിച്ചില്ല. ഒരു ദിവസം രാത്രി ആ സ്ത്രീ കിടന്നിരുന്ന കുടിലിൽനിന്നും ഉച്ചത്തിൽ ഒരു മുറവിളി കേട്ട്, അതെന്തെന്ന് അറിയുവാൻ പുറത്തേയ്ക്കു വന്നപ്പോൾ, ബദ്ധപ്പെട്ടു കുതിച്ചു ചാടി ഓടുന്ന ഒരു അപരിചിതനെ അവൻ കണ്ടുമുട്ടി. ഉടനെ തമ്മിൽ ഒരു മുഷ്ടിയുദ്ധം ആരംഭിക്കുകയും, പക്ഷെ ആ അപരിചിതൻ ചാടിയോടി രക്ഷപ്രാപിക്കുകയും ചെയ്തു. എന്നാൽ ആഗതനായ ആ മനുഷ്യൻ രമണിബാബുവിന്റെ കുടിയാനായ കരിംഖാൻ ആയിരുന്നു എന്ന് അവൻ മനസ്സിലാക്കി. എന്താണ് സംഭവിച്ചതെന്നു സോദരിയോടു ചെന്നു ചോദിച്ചപ്പോൾ, ആ സ്ത്രീ കരഞ്ഞുംകൊണ്ട്, "ഒരു മനുഷ്യൻ എന്റെ കുടിലിലെക്കു കടന്നുവന്നു, എന്റെ പൊള്ളയ്ക്കു പിടിച്ചമത്തി. പക്ഷേ, ഞാൻ ഉറക്കെ കരഞ്ഞതുകൊണ്ട്, അവൻ പേടിച്ചോടിപ്പൊയി." എന്നു മറുപടി പറഞ്ഞു. പ്രഭാതമായ ഉടനെ, കരിംഖാനെ അന്വേഷിച്ചു സാധു അവന്റെ അമ്മാമന്റെ വീട്ടിലേയ്ക്കു ഓടി. അവിടെ ചെന്നു ചോദിച്ചപ്പോൾ. ആ അമ്മാമൻ ഇപ്രകാരം പറഞ്ഞു: "കരിംഖാൻ ഇന്നലെ വൈകുന്നേരം ഇവിടെനിന്നു പോയതാണ്. നീ പറയുന്ന സംഗതി നാം ഇ

രുപേക്ഷം അപമാനകരമാകയാൽ ദയവു ചെയ്ത് ഈ കാര്യത്തെപ്പററി പുറത്തൊന്നും പറയാതിരിക്കുന്നതാണ് നമ്മുടെ രണ്ടു കുടുംബത്തിന്നും ഭൂഷണം. അങ്ങനെ വീ ചെയ്യണമെന്ന് എനിക്ക് അപേക്ഷയുണ്ട്." സാധുഷെയിക്ക് ഇതിൽ യോജിക്കാതെ പോലീസിൽ അറിവു കൊടുത്തു.

രണ്ടുമൂന്നു ദിവസം കഴിഞ്ഞു, സാധുഷേയിക് അത്താഴമുണ്ണാനിരിക്കുമ്പോൾ ഒരു സബ്ബ്ഇൻസ്പെക്ടർ അവിടെ വന്നു. "താൻ സാധുഷേയിക്കാണോ?" എന്നു ചോദിച്ചതിന്നു ശേഷം, അവന്റെ കയ്യിൽ ആമം വെച്ച് അവനെ സ്റ്റേഷനിലേയ്ക്കു കൊണ്ടുപോയി. അങ്ങിനെ പോകുമ്പോൾ അവന്റെ പിന്നാലെ ഒരു കൂട്ടം ജനങ്ങൾ കൂടുകയും, അവരോട് ഈ സംഗതി ജഡ്ജബാബുവിനെ അറിയിച്ചാൽ കൊള്ളാമെന്നു സാധു അപേക്ഷിക്കുകയും ചെയ്തു. ആ കൂട്ടത്തിൽ ദയാലുവായ ഒരാൾ കാടിച്ചെന്നു ജാഡ്ജബാബുവിനെ കൂട്ടിക്കൊണ്ടുവന്നു. അദ്ദേഹം ഇൻസ്പെക്ടരൊട് കുറെ സംഭാഷണം ചെയ്തതിന്നു ശേഷം, "ഹെ, സാധു! നിന്നെ കൊലപാതകക്കുററത്തിന്നാണ് പിടിച്ചിരിക്കുന്നത്" എന്നു പറഞ്ഞു. കരിംഖാൻ ഭവനഭേദം ചെയ്തു എന്നു സാധുഷെയിക് പറഞ്ഞതു മുതല്ക്കു കരിംഖാനെ കാണാതായി പോയതുകൊണ്ടു, സാധുഷെയിക്കിന്റെ പേരിൽ തനിക്കു സംശയമുണ്ടെന്നു കരിംഖാന്റെ അമ്മാമൻ പോലീസിനെ അറിയിച്ചു. അതുകൊണ്ടാണ്, സാധുഷെയിക്കിനെ ഉടൻ ബന്ധനത്തിലാക്കി, അവനെ ജില്ലാജെയിലിലേയ്ക്ക് അയച്ചത്.

തന്റെ ശത്രു രമണിബാബു ഈ കുററം കെട്ടിച്ചമച്ചതാണെന്നും, സാധുവിനെ കുടുക്കിലാക്കാൻ വേണ്ടി ഇതും ഇതിലധികവും ചെയ്വാൻ രമണിബാബു പോന്നവനാണെന്നും ജാഡ്ജബാബുവിന്നു നല്ല നിശ്ചയമുണ്ടായിരുന്നു. അദ്ദേഹം ചില സ്നേഹിതന്മാരോട് ഈ സംഗതിയെപ്പററി ആലോചിച്ചപ്പോൾ, ഈ മാതിരി ആഭാസകാര്യങ്ങളിൽ തലയിടുന്നതു നന്നായിരിക്കില്ലെന്ന് അവർ ജഡ്ജബാബുവിനോടു പറഞ്ഞു; എന്നാൽ അദ്ദേഹത്തിന്റെ ധർമ്മബുദ്ധി ഈ ഉപദേശത്തെ കൈക്കൊണ്ടില്ല: അദ്ദേഹം ഗണേശ്യാമബാബുവിന്റെ അടുക്കൽ ചെല്ലുകയും, സാധുഷെയിക്ക് പറഞ്ഞ കഥയെല്ലാം അറിയിക്കുകയും ചെയ്തു. രമണിബാബു ഈ കേസ്സിൽ അകപ്പെട്ടിട്ടുണ്ട് എന്നു കണ്ട്, ഇതുതന്നെയാണ് പ്രതിക്രിയ ചെയ്യുവാൻ തക്ക അവസരം എന്നു കരുതി സസന്തോഷം ഷെയിക്കിന്റെ വക്കാലത്തു സ്വീകരിച്ചു.

ഈ കേസ്സ് ഡിപ്യൂട്ടിമജിസ്ട്രേട്ടു വിചാരണയ്ക്കെടുക്കുകയും, ഗണേശ്യാമബാബുവിന്റെ സഹായത്താൽ കേസ്സ് മുഴുവൻ തെളിയുകയും, പ്രതികൾക്കെല്ലാം കഠിനമായ പ്രായശ്ചിത്തം കല്പിക്കപ്പെടുകയും ചെയ്തു. ഏറെ താമസിയാതെ, ഈ ഡിപ്യൂട്ടിമജിസ്ട്രേട്ടിന്റെ മുമ്പാകെ തന്നെ ഒരു കൊലപാതകക്കുററത്തിന്നായി സാധുഷെയിക്ക് തന്നെ ഹാജരാകേണ്ടി വന്നു. സംഭവത്തിലെ തെളിവുകൾ അവന്നു വിപരീതമായിരുന്നതുകൊണ്ടു, കേസ്സ് സെഷൻസ് കോർട്ടിലേയ്ക്കു കമ്മിട്ടു ചെയ്യപ്പെട്ടു. അവിടെ കേസ് വിചാരണയ്ക്കെടുത്തു. സാധുവിനെ കൂട്ടിൽ കയററിയപ്പോൾ, താൻ കുററക്കാരനാണെന്ന് അവൻ സമ്മതിക്കു

കയും, കരിംഖാൻെറ മൃതശരീരം കഴിച്ചിട്ടിരിക്കുന്ന സ്ഥലം കാണിച്ചുതരാമെന്നു പറയുകയും ചെയ്തതിനാൽ, അവൻെറ സഹായികളെല്ലാം വല്ലാതെ വിസ്മയിച്ചു! ആ സ്ഥലം പരിശോധിപ്പാനായി കേസ്സ് നീട്ടിവെച്ചു. ആ ജില്ലയിലെ പോലീസ്സ് സൂപ്രഡേണ്ടായ ഒരു യൂറോപ്യൻ സായ്വിൻെറ കൂടെ ചെന്ന്, അവൻ കാണിച്ചു കൊടുത്ത നിലമെല്ലാം കിളച്ചു മറിച്ചു നോക്കി; എന്നാൽ അതെല്ലാം വിഫലമായതേയുള്ളൂ. തനിക്കു സ്ഥലം മറന്നു പോയി എന്നു പറഞ്ഞു, സായ്വുഷെയിക്കു് വേറൊരു സ്ഥലം കാണിച്ചുകൊടുത്തു. എന്നാൽ, അവിടെ കിളച്ചുനോക്കിട്ടും കാണാതെ പോയ മനുഷ്യനെ കണ്ടുകിട്ടുവാൻ സാധിച്ചില്ല. ഈ സംഗതികളെല്ലാം ജസ്റ്റിയെ തെര്യപ്പെടുത്തിയപ്പോൾ, അദ്ദേഹം കേസ്സ് പിറെറ ദിവസം വിചാരണ എടുക്കുന്നതാണെന്നു കല്പിച്ചു.

പിറേറന്നു രാവിലെ പതിനൊന്നു മണിക്കു ജസ്റ്റി ബെഞ്ചിൽ ചെന്നിരുന്നപ്പോൾ, കോടതിഹാൾ മുഴവനും കാണികളാൽ നിറഞ്ഞിരുന്നു. തടവുകാരനു വിപരീതമായി ജസ്റ്റി ജൂറിമാരോട് ഒരു പ്രസംഗം ചെയ്തുകൊണ്ടിരുന്നപ്പോൾ, പുറത്തുനിന്നും അത്ഭുതപൂർവ്വമായ ഒരു ബഹളം കേൾക്കുമാറായി! ജസ്റ്റി പ്രസംഗം നിർത്തുകയും, ബഹളത്തിൻെറ കാരണം അറിഞ്ഞുവരുന്നതിന്നു് ഒരു ശിപായിയെ നിയോഗിക്കുകയും ചെയ്തു. അവൻ ചെന്നു മടങ്ങി വരുന്നതിന്നു മുമ്പുതന്നെ, അഞ്ചെട്ടാളുകൾ "ധർമ്മം ജയിക്കും!" എന്നു നിലവിളിച്ചുംകൊണ്ടു കോടതിയിലേക്കു് ഓടി വന്നു. ഇപ്രകാരം ഓടിവന്നവരിൽ ഒരുവനായ ജാദുബാബു മററുള്ളവരോടു നിശ്ശബ്ദമായിരിക്കുവാൻ ആംഗ്യം കാണിച്ചിട്ടു, കൈകെട്ടി നിന്നു, വിനയപൂർവ്വം കോടതിയെ നോക്കി ഇപ്രകാരം പറഞ്ഞു:—

"യജമാനനേ! മരിച്ചുപോയ മനുഷ്യൻ ജീവിച്ചുവന്നിരിക്കുന്നു! ഇതാ! കരിംഖാൻ!!"

കോടതി മുഴവനും ക്ഷോഭംകൊണ്ടു നിറഞ്ഞു. അതു് അവസാനിച്ചു തുടങ്ങിയപ്പോൾ, ജസ്റ്റി കടലാസ്സെല്ലാം മാററിവെച്ചു, "ഇവൻ തന്നെയാണോ കരിംഖാൻ?" എന്നു ചോദിച്ചു.

വേണ്ടപ്പെട്ട തെളിവുകളെല്ലാം ഉടനെ വരികയും, ജസ്റ്റി കരിംഖാനിൽനിന്നും താഴെ പറയുന്ന സ്റ്റേററ്മെണ്ടു വാങ്ങുകയും ചെയ്തു.

"അല്ലയോ, ന്യായാധിപതേ! എനിക്കു് എന്തു സംഭവിച്ചാലും വേണ്ടതില്ല, ഞാനെല്ലാം തുറന്നു പറഞ്ഞേയ്ക്കാം. ഒരു മാസം മുമ്പു സായ്വു ഷെയിക്കിൻെറ വീട്ടിൽ ഒരു സ്ത്രീയെ അപമാനിക്കുന്നതിന്നായിട്ടു രമണിബാബു എന്നെ നിയോഗിച്ചു. അങ്ങിനെ ചെയ്താൽ സായ്വുഭ്രഷ്ടനാക്കപ്പെടുമെന്ന വിചാരത്തോടു കൂടിയാണു് എന്നെ ഈ ജോലിക്കേല്പ്പിച്ചതു്. എൻെറ ജീവനെ പേടിച്ചുംകൊണ്ടു, ഞാൻ അതുചെയ്യുവാൻ സമ്മതിച്ചു; അന്നു രാത്രിതന്നെ സായ്വുവിൻെറ ഭാര്യാസോദരി ഉറങ്ങി കിടന്നിരുന്ന അകത്തേയ്ക്കു കയറി ച്ചെന്നു. പക്ഷെ, അവൾ നിലവിളിച്ചുട്ടിയതുകൊണ്ടു കാര്യം സാധിക്കാതെ ഞാൻ പുറത്തേയ്ക്കോടിയപ്പോൾ, സായ്വുവിനോടുകൂടി മല്ലിടേണ്ടിവന്നു; എങ്കിലും ഞാൻ ഓടി രക്ഷപ്രാപിച്ചു. രമണിബാബുവി

നോട് ഈ സംഗതി അറിയിച്ചപ്പോൾ, അദ്ദേഹം ഇരുപതു മയിലകലെയുള്ള ഒരു സ്ഥലത്തെയ്ക്കു് എന്നെ അയയ്ക്കുകയും, ഇന്നലെ വരെ അവിടെ കച്ചേരിയിൽ എന്നെ സൂക്ഷിക്കുകയും ചെയ്തു. ഇന്നലെ രാത്രിയായപ്പോൾ ഞാൻ അവിടെ നിന്നു പുറപ്പെട്ടു. എനിക്കു ഗോറിയബജാറിൽ കൂടി പോകേണ്ടിയിരുന്നതിനാൽ, അവിടെ യാദൃച്ഛികമായി ജാദുബാബുവിനെ കാണുകയും, അദ്ദേഹം എന്നെ തടുത്തുനിൎത്തി, എന്റെ ഗതാഗതങ്ങളെപ്പററി സൂക്ഷ്മമായി ചോദ്യം ചെയ്യുകയും ചെയ്തു. എനിക്കു മുഴുവനും തുറന്നുപറയാതിരിപ്പാൻ നിവൃത്തിയില്ലാതായി. അദ്ദേഹം എന്നെ ഒരു വീട്ടിലേയ്ക്കു കൊണ്ടുപോവുകയും, അവിടെ നിന്നു് ഇതാ, ഇവിടെ ഹാജരാക്കുകയും ചെയ്തിരിക്കുന്നു!"

കരിംഖാന്റെ വാക്കുകൾ സകലരേയും ആശ്ചൎയ്യപരതന്ത്രരാക്കിത്തീൎത്തു. ജാദുബാബു, അവൻ പറഞ്ഞതെല്ലാം വാസ്തവമാണെന്നു് ഒപ്പുവെയ്ക്കുകയുംചെയ്തു. പിന്നെ ജഡ്ജി സാധുവിനോടു "നീ എന്തുകൊണ്ടു കുററക്കാരനാണെന്നു സമ്മതിച്ചു?" എന്നു ചോദിച്ചു.

സാധുഷെയിക്ക്:— യജമാനനേ! പറയണമെന്നു സബ്ബ്ഇൻസ്പെക്ടർ എന്നെ നിൎബ്ബന്ധിച്ചു. എന്നെ തൂക്കിക്കൊല്ലുവാൻ തക്ക തെളിവുകൾ ധാരാളം ഉണ്ടെന്നു വീണ്ടും വീണ്ടും പറയുകയും, അതിനാൽ കുററം സമ്മതിച്ചു, രക്ഷപ്രാപിക്കുന്നതാണു് ഉത്തമമെന്നു് ഉപദേശിക്കുകയും ചെയ്തു. പേടികൊണ്ടു ഞാൻ മതിമറന്നു! എനിക്കു് ആരൊടും ആലോചിക്കുവാൻ സമയവും സൌകൎയ്യവും ഉണ്ടായിരുന്നില്ല. അതുകൊണ്ടു കുററം സമ്മതിച്ചു രക്ഷപ്രാപിക്കാമെന്നു തീൎച്ചപ്പെടുത്തി.

ജഡ്ജി പോലീസ്സുകാരുടെ നടത്തയെ ദൂഷിച്ചെഴുതുകയും, സാധുവിനെ വിട്ടയയ്ക്കുകയുംചെയ്തു.

എന്നാൽ വക്കീൽ ഘനശ്യാമബാബു ഇതോടുകൂടി നിന്നില്ല. ഒരു സാധുവിന്റെ തലയിൽ കൊലപാതകക്കുററം ചുമത്തുന്നതിന്നായി ദുരാലോചന ചെയ്ത രമണിബാബുവിനെയും അവന്റെ ഗുമസ്തനേയും പ്രാസിക്യൂട്ടു് ചെയ്യുന്നതിന്നു വക്കീൽ ശ്രമിച്ചു. അവർ ഇരുവരെയും കോടതി കയററുകയും, അവർ കല്കത്താനഗരത്തിൽ നിന്നു് ഒരു ബാരിസ്റ്റർസിംഹത്തെ കൊണ്ടുവന്നിരുന്നു എങ്കിലും മജിസ്ട്രേട്ടു അവരിൽ ഓരോരുത്തനും ആറുമാസത്തെ കഠിനശിക്ഷ കല്പിക്കുകയും ചെയ്തു.

ഇപ്രകാരം ഒടുവിൽ ധൎമ്മം ജയിക്കുകയും, നിഷ്ഠൂരന്മാരായ ഒരു കൂട്ടം അക്രമികൾ അവർ അൎഹിച്ചതുപോലെ വേണ്ടപ്പെട്ടതു് അനുഭവിക്കുകയും ചെയ്തു.

ഇടപ്പള്ളി. —നാരായണരാജാ.

## വിജ്ഞാനവീഥിക.

പൂച്ചകളെക്കൊണ്ടും എലികളെക്കൊണ്ടും പുതിയ ഒരു കമ്പനി യൂറോപ്പിൽ നടത്താൻ പോകുന്ന വിവരം പോഷിണീവായനക്കാരിൽ ചുരുക്കം പേരെങ്കിലും അറിഞ്ഞിട്ടുണ്ടാവാം. ഈ മാർജ്ജാരമൂഷികകമ്പനിയുടെ പ്രധാനോദ്ദേശം പൂച്ചകളേയും എലികളേയും വളൎത്തി അവയെക്കൊണ്ടു വ്യാപാരം നടത്തുക എന്നുള്ളതാണ്. ഈ കമ്പനിയിൽ ഓഹരി ചേരുന്നവൎക്കു കൊല്ലംതോറും നല്ല ഒരു സംഖ്യ ലാഭംകിട്ടുമെന്നു കമ്പനിപ്രവൎത്തകന്മാർ പറയുന്നതിനുള്ള ന്യായങ്ങൾ എന്തൊക്കെയാണെന്നറിയുന്നതു രസകരമായിരിക്കും.

കമ്പനിയുടെ പ്രധാന പ്രവൃത്തി പൂച്ചത്തോൽ വില്ക്കുകയാണ്. പത്തുലക്ഷം പൂച്ചകളെ ആദ്യം ശേഖരിക്കും. ആണ്ടുതോറും ഒരു പൂച്ചയിൽ നിന്നു ൩൨ പൂച്ചകൾ ഉണ്ടാവുന്നതുകൊണ്ടും, കറുത്ത പൂച്ചത്തോലൊന്നിനു രണ്ടേകാൽ ഉറുപ്പികയും, മറ്റേതെങ്കിലും നിറത്തിലുള്ളവക്കു അയ്യഞ്ചണ വീതവും വില കണക്കാക്കുമ്പോൾ, ഓരോ കൊല്ലത്തിലും ൫,൦൦൦ പവൻ കമ്പനിയിൽ വരവുണ്ടായിരിക്കുമത്രെ. പൂച്ചയെ കൊന്നു പൂച്ചത്തോൽ ഉരിഞ്ഞെടുക്കുക മുതലായ വേലകൾക്കു നിയോഗിക്കപ്പെടുന്ന ൩൦൦ വേലക്കാരുടെ ശമ്പളം കഴിച്ചാൽ ആണ്ടിനാൽ കിട്ടുന്ന ൩ൻന്നാം പവൻ മുഴുവനും ആദായമാണ്.

പൂച്ചകൾക്കു വേണ്ട ആഹാരസാധനങ്ങളുടെ കാൎയ്യത്തിൽ കമ്പനിക്കാൎക്ക് ഒരു പ്രയാസവും തോന്നിയിട്ടില്ല! പത്തുലക്ഷം പൂച്ചകളുണ്ടെങ്കിൽ, അതിൽ നാലിരട്ടി എലികളെ വളൎത്തണം. എലികൾ പൂച്ചകളെക്കാൾ അധികം പെരുകുന്നതാകകൊണ്ടു ദിവസമൊന്നിനു നാലെലി വീതം ഒരു പൂച്ചക്കു ഭക്ഷിപ്പാൻ കിട്ടും. ഇനി എലിക്കു ഭക്ഷണം എവിടെനിന്നാണെന്നാണ് പിന്നത്തെ ചോദ്യം. തോൽ ഉരിയപ്പെട്ട പൂച്ചകൾ തന്നെ എലികൾക്ക് ആഹാരം. ചുരുക്കത്തിൽ, പൂച്ച എലിയേയും എലി പൂച്ചയേയും തിന്നുന്ന ഒരു പരസ്പരഹിംസക്കമ്പനി തന്നെയാണിതെന്നു പറയാം. അഥവാ, ഇങ്ങിനെ തന്നെയാണല്ലോ പ്രപഞ്ചം മുഴുവനും!

* * *

ഉണ്ണാനും സംസാരിപ്പാനും മാത്രം ഉപയോഗപ്പെട്ടിരുന്ന വായ്കൊണ്ട് ഇപ്പോൾ എഴുത്തുവേലയും നിൎവ്വഹിക്കാമെന്നായിരിക്കുന്നു. യൂറോപ്പിൽ നടന്നുകൊണ്ടിരിക്കുന്ന ഘോരസമരം ഹേതുവായി, അസംഖ്യം പേർ മൂകന്മാരും ബധിരന്മാരും ആയിത്തീൎന്നു കഷ്ടപ്പെടുന്ന കാൎയ്യം വിചാരിക്കുക പോലും വയ്യ! ഇവർ തങ്ങളുടെ അന്തൎഗ്ഗതങ്ങൾ മറ്റുള്ളവരെ അറിയിക്കുന്നതു കാൽകൊണ്ടും കൈകൊണ്ടും എഴുതിയിട്ടാണ്. ഈ അംഗങ്ങളും നിശ്ശേഷം മുറിഞ്ഞുപോയവർ അക്കൂട്ടത്തിൽ കുറച്ചൊന്നുമല്ല. ഇവരുടെ ഉപയോഗത്തിനാണ്, ഇപ്പോൾ പ്രസിദ്ധനായ ഒരു ഡാക്ടർ വായ്കൊണ്ട് എഴുതാനുള്ള ഒരു യന്ത്രം ക

ണ്ടുപിടിച്ചിരിക്കുന്നത്. ഈ തൂവ്വൽ വായിൽ പിടിപ്പിച്ചെഴുതാം. സാധാരണമായി നമ്മുടെ പെൻസിൽകൊണ്ടു ഈ കൃത്യം നിർവ്വഹിക്കരുതേ എന്നാണെങ്കിൽ, തല അങ്ങോട്ടും ഇങ്ങോട്ടും തിരിച്ചു പിരടി ഉളുക്കിപ്പോകുന്ന കാര്യം ഓർത്താൽ സമാധാനം കിട്ടും. നമ്മൾ കൈകൊണ്ട് എഴുതുന്നതു പോലെ വൃത്തിയിലും വേഗത്തിലും ഈ തൂവ്വൽകൊണ്ട് എഴുതാമെന്നുള്ളതാണ് ഇതിൻെറ വിശേഷം. പക്ഷേ കുറച്ചു പരിചയം വേണം. അത് എന്തിനും കൂടാതെ കഴിയില്ലല്ലോ.

* * *

അമേരിക്കയിൽ ഒരു വിദ്വാൻ കടലാസ്സു കൊണ്ടു കുപ്പികൾ ഉണ്ടാക്കി വിററുവരുന്നു. പാൽ മുതലായ ദ്രാവകസാധനങ്ങൾ ഈ കുപ്പികളിലാക്കി വെച്ചാൽ, വളരെ നാൾ കേടുവരാതിരിക്കുമത്രെ. കുപ്പി മുക്കോണാകൃതിയിലാണ്. മുകളിൽ നിന്ന് അമച്ചു വരുന്തോറും കുപ്പിക്കു ബലം കൂടിക്കൂടി വരുന്നവിധത്തിലാണ് അതിൻെറ പണി. ൨൦൦- റാത്തൽ ഘനമുള്ള എന്തെങ്കിലും കുപ്പിയുടെ മുകളിൽ വെച്ചാൽ ഒരു കുലുക്കവും കുപ്പിക്കുണ്ടാവില്ല.

* * *

വിമാനചാരികൾക്കു വിമാനങ്ങളിലിരുന്നു തമ്മിൽ സംസാരിപ്പാൻ, യന്ത്രത്തിരിച്ചിലിൻെറ വമ്പിച്ച ശബ്ദംകൊണ്ടു നിവൃത്തിയില്ലായിരുന്നു. അതിനാൽ, വിമാനങ്ങളിൽ കൊണ്ടുനടക്കാവുന്ന വിധം പുതിയ ഒരു തരം ടെലിഫോൺ ഇപ്പോൾ ഒരാൾ നിർമ്മിച്ചുകഴിഞ്ഞിരിക്കുന്നു.

* * *

വിശപ്പുണ്ടാകാൻ അദ്ധ്വാനംകൊണ്ടും വ്യായാമംകൊണ്ടും സാധിക്കുന്നതാണല്ലോ. ഇതു രണ്ടും കൂടാതെ വേറൊരുപായം ഡാക്ടർ 'ബിക്കൽ' പറയുന്നു. സ്വല്പം ഉപ്പുവെള്ളം കുടിച്ചാൽ വിശപ്പുണ്ടാവുന്നതിനു ഒരു പ്രയാസവും ഇല്ലത്രെ. ഉപ്പു കുടിച്ചാൽ ഉമിനീർ വരും. ഉമിനീർ ജഠരാഗ്നിയെ ഉദ്ദീപിപ്പിക്കുന്നതാണല്ലോ.

* * *

മത്തങ്ങ, കുമ്പളങ്ങ മുതലായ സസ്യഫലങ്ങൾക്കു നമ്മുടെ ഇഷ്ടംപോലെ വലുപ്പം വർദ്ധിപ്പിക്കാമെന്ന് ഒരു ശാസ്ത്രജ്ഞൻ പരീക്ഷിച്ചറിഞ്ഞിരിക്കുന്നു. ചെറിയ കുട്ടികൾക്കു മുലപ്പാൽ കൊടുക്കുംപോലെ ഈ ഫലങ്ങൾക്കു പഞ്ചസാരവെള്ളം കൊടുത്തുകൊണ്ടിരുന്നാൽ മതിയത്രേ. ഈ പുതിയ വിദ്യ ഒന്നു പരീക്ഷിച്ചുനോക്കണമെങ്കിൽ ഇങ്ങനെ ചെയ്താൽമതി.

പൂവു കരിഞ്ഞ ശേഷം, നല്ല പുഷ്ടിയുള്ളതായിക്കാണുന്ന ഒരു മത്തങ്ങ തിരഞ്ഞു പിടിച്ചു, കുന്നുള്ള രണ്ടു പാത്രത്തിൽ പഞ്ചസാരവെള്ളം പകർന്നു മത്തങ്ങയുടെ ഇരുവശത്തും, തട്ടിമറിഞ്ഞുപോകാത്ത വിധം, ഉറപ്പിച്ചു വെക്കുക. പാത്രത്തിലെ വെള്ളം മത്തങ്ങയിലേക്കു കടത്തിവിടാനുള്ള ശ്രമമാണ് പിന്നെ ചെയ്യേണ്ടത്. ഒരു പേനക്കത്തികൊണ്ടു മത്തങ്ങയുടെ ഞെട്ടിയുടെ കടയ്ക്കലായി ഓരോ ചെറിയ ദ്വാരം ഇരുവശത്തും ഉണ്ടാക്കണം. എന്നിട്ട് ആ ദ്വാരത്തിൽക്കൂടി കടക്കാവുന്ന വണ്ണത്തിൽ പഴന്തുണി പിരിച്ച് ഒരററം ദ്വാരത്തിലും മറേറ അററം പഞ്ചസാരവെള്ളത്തിലുമായി പിടിപ്പിക്കുക. മത്തങ്ങ പഞ്ചസാരവെള്ളം താനേ വലിച്ചു കുടിച്ചുകൊള്ളും. അങ്ങിനെ, മത്തങ്ങ ദിവസംതോറും പതിവിൽ ഇരട്ടിച്ചു വലുതായിത്തുടങ്ങും. പാത്രങ്ങളിൽ പഞ്ചസാരവെള്ളം തീരുമ്പോൾ വീണ്ടും വീണ്ടും ഒഴിച്ചുകൊടുക്കാൻ മറക്കരുത്.



# Watches! Electric Lamps!

## EVER READY POCKET LAMP.

This is fitted with Superior long life dry battery and metalic filament bulb. This can be kept in a pocket at the time of travelling This can never care a ferocious cyclone also. Can be used at any time you please. Instant lighter. The top and the bottom caps are nickel plated and it is covered with leather in violet, green and blue colours. Only a little stock is for sale. This lamp makes an ideal present for ladies and gentlemen.

Usual price Rs 6—8—0. REDUCTION PRICE Rs 4.
Spare bulb Re. 1 and spare battery Rs 2

**Electric calling bell with wire and battery**
**NO. I. RS. 18. NO. II. RS. 15.**
**Electric lantern with battery Rs 9.**

Half the price should accompany the order.




## RELIABLE SYSTEM WATCH!

This watch is quite cheap and can be used by even the poor public. This can keep perfect time. Dial is very beautiful. Many watches are sold to its perfect work. Only few watches are ready in stock.

Usual price Rs 4/8. REDUCTION PRICE Rs 3.

## "MANOHAR,, ATTAR.

**This is a nice scented perfume well appreciated by the fair sex in particular for its excellence. Just a drop is worth an ounce of so-called scents. Try once and you will never be without it,**
**Price per ½ dram tube Annas 12 only.**

*Shastry & Bros,*
Girgaon, **BOMBAY**

സുഖജീവനം!

പി. എ. അയ്യരുടെ

# ജീവരക്ഷണി

മനുഷ്യൎക്ക് പെട്ടെന്നുണ്ടാവുന്ന അനേകവിധ രോഗങ്ങളെ അവരവൎക്കുതന്നെ ക്ഷണനേരം തീരെ പരിഹരിച്ചുകൊള്ളാവുന്ന ഒരു അപൂൎവ്വസഞ്ജീവി.

ഇതിനെ അകത്തേക്കു സേവിക്കുന്നതാൽ:—

അജീൎണ്ണം, അഗ്നിമാന്ദ്യം, വയററിൽ വേദന മലബന്ധം, വയറുസ്തംഭനം, നെഞ്ഞുവേദന, കുര, ജലദോഷം, കച്ചടപ്പ്; അതിസാരം, വിഷൂചിക, വയറുകടപ്പു, ഛൎദ്ദി, പനി, മുതലായവകളേയും.

പുറമെ പുരട്ടുന്നതിനാൽ:—

തലവേദന, വാതക്കടച്ചൽ, ഇടുപ്പുവേദന, സന്ധുസ്ഥാനങ്ങളിൽ ഉണ്ടാവുന്ന ഉളുക്കു, വീക്കം, വേദന, ചൊറി, ചുണങ്ങു, കുരു, പല്ലുവേദന, ചെവികുത്തു, അഗ്നിവ്രണം, ചതവു, വ്രണങ്ങൾ, വിള്ളിച്ച, തേൾ, വണ്ടു മുതലായ വിഷജീവികളുടെ കൊത്തൽ, കടി മുതലായവകളുമായ അനേകം വിധവ്യാധികളെ ഉടൻ തീരെ ആശ്വസിപ്പിക്കുന്നു.

ഈ ആശ്ചൎയ്യകരമായ പി. എ അയ്യരുടെ "ജീവരക്ഷണി" എന്ന ദിവ്യൌഷധം ആരുടെ വശം ഇരിക്കുന്നുവോ അവർ അനേകവ്യാധികളിൽ പെട്ടു കഷ്ടപ്പെടാതെ രക്ഷപ്രാപിച്ചു കൊള്ളുന്നു.

ആകയാൽ നിശ്ചയമായും അമൃതത്തിന്നു തുല്യമായ ഈ ശ്രേഷ്ഠസഞ്ജീവിയെ ഓരോ കുഡുംബത്തിലും ആവശ്യം കരുതേണ്ടതാകുന്നു.

വൈദ്യന്മാൎക്കു പലെ അവസരങ്ങളിലും അനുകൂലമാസ്ത്ര.

സഞ്ചാരികൾക്കു സൌകൎയ്യമായ ഒരാത്മരക്ഷണ സഞ്ജീവി.

പി. എ. അയ്യരുടെ "ജീവരക്ഷണി"ക്കു താമസംകൂടാതെ ഇന്നു തന്നെ ഓൎഡർചെയ്യുക.

വിവരമായ ഉപയോഗക്രമം നോട്ടുകൂടി അയക്കപ്പെടും.

വില കുപ്പി 1 നു ക. 1 വി. പി. ചിലവു 4 കുപ്പിവരെ അണ. 5 പുറമെ.

കച്ചവടക്കാൎക്കും ഏജൻറുകാൎക്കും നല്ല കമ്മീഷൻ കൊടുക്കുന്നതാണ. മുഴുവിവരങ്ങൾക്കാവശ്യപ്പെട്ടാൽ അയച്ചുകൊടുക്കപ്പെടും.

Arya Kudumba Oushadhasala
Pallavoor, S. Malabar

ആൎയ്യകുഡുംബഔഷധശാല,
പല്ലാവൂർ. മലബാർ

# അത്യാവശ്യമായ കുഡുംബ ഔഷധങ്ങൾ.

വസന്തമാലതി ഇതു വളരെ സൌരഭ്യമുള്ളതും മുഖക്കുരുവിനെ നശിപ്പിക്കുന്നതും മുഖത്തിന്നു കാന്തിയെ കൊടുക്കുന്നതുമായ സുഗന്ധദ്രവ്യം. വില ഡപ്പി 1ന്നു 2ണ.

വാതാരിലേപനം. വാതം, ഇടുപ്പുവേദന, തലവേദന, കൈകാൽ മുതലായ അംഗങ്ങളിലുണ്ടാകുന്ന വേദന, നെഞ്ഞുവേദന മുതലായ രോഗങ്ങളിൽ ഈ തൈലം അല്പമെടുത്തു വേദനയുള്ളേടത്തു പുരട്ടിയാൽ ഉടനെ ആശ്വാസം കിട്ടുന്നതാണ്. വില കുപ്പി 1ന്നു 6ണ.

ദദ്രുഹരമലമം. തഴുതനം, ചുണങ്ങ, കരിഞ്ചുണങ്ങ്, പുഴുക്കടി മുതലായ ചർമ്മരോഗങ്ങളെ ക്ഷണത്തിൽ പരിഹരിക്കും. വില കുപ്പി 1ന്നു 4ണ.

കാമദ്രാവകം. ഇതു വളരേ വീര്യമുള്ളതും അജീർണ്ണം, അഗ്നിമാന്ദ്യം, വയററിൽ വേദന, അതിസാരം, ഗ്രഹണി, വിഷൂചിക, മുതലായ രോഗങ്ങളിൽ വളരെ ഫലപ്രദവുമായ ഔഷധം. വില കുപ്പി 1ന്നു 8ണ.

സുഗന്ധദന്തചൂർണ്ണം. ദന്തശുദ്ധികരമായ ഈ ചൂർണ്ണത്തിന്റെ ഉപയോഗത്താൽ പല്ലുവേദന, പല്ലേരവീക്കം, പല്ലിളക്കം, വായ്നാററം, മുതലായ രോഗങ്ങൾ ശമിക്കും. വില ഡപ്പി 1ന്നു 4ണ.

കേസരപൌഡർ. ഇതു അമ്പരം കസ്തൂരി മുതലായ സുഗന്ധദ്രവ്യങ്ങളാൽ ഉണ്ടാക്കപ്പെട്ടതും അല്പമെടുത്തു ചന്ദനത്തിലൊ ശുദ്ധജലത്തിലൊ ചേർത്തു ശരീരത്തിൽ പൂശിയാൽ നല്ല പരിമളമായും തണുപ്പായും ഇരിക്കും. വില കുപ്പി 1ന്നു 8ണ.

പി. എസ്സ്. വെങ്കടാചലയ്യർ

ആയുർവ്വേദഔഷധാലയം

പല്ലാവൂർ. മലബാർ

# വിശേഷപ്പെട്ട കുന്തളതൈലം

## മണിതൈലം.

ഈ തൈലം വളരെ സുഗന്ധമേറിയതും, ശരീരത്തെ പോഷിപ്പിക്കയും തലയെ തണുപ്പിക്കയും ചെയ്യുന്നതുമാകുന്നു. ഇതു ദിവസേന ഉപയോഗിച്ചാൽ ക്ഷീണിച്ച ശരീരത്തിന്നു ശക്തിയും വീൎയ്യവും ഉണ്ടാക്കിത്തീക്കും. ചെറുപ്പക്കാരുടെ മുഖത്തുണ്ടാകുന്ന മുതുക്കൻ മുതലായത് ഇതു തേച്ചാൽ ഉടനെ പോയ്പോകും. ഈ തൈലം അനേകം സസ്യങ്ങളിൽനിന്നു ശാസ്ത്രപ്രകാരം തെയ്യാറു ചെയ്തിട്ടുള്ളതാകുന്നു. മററു തൈലങ്ങളെപ്പോലെ, ഈ തൈലത്തിൽ സാധാരണ വെളിച്ചെണ്ണയൊ, മററു എണ്ണകളൊ കലൎന്നിട്ടില്ല. ഇത് ഉപയോഗിച്ചാൽ പകരുന്ന വ്യാധികൾ അത്രവേഗത്തിൽ പിടിക്കയില്ല. ഒരു തവണ ഉപയോഗിച്ചാൽ അതിൻെറ ശരിയായ ഗുണം അറിയാവുന്നതാകുന്നു.

5 തോല തൈലമുള്ള കുപ്പിഒന്നിന്നു വില 1—0—0

വൈദ്യശാസ്ത്രി,

മണിശങ്കർ ഗോവിന്ദജി

ആതങ്കനിഗ്രഹവൈദ്യശാല

157—158 ബ്രോഡ്വെ മദിരാശി.

ഈ മാസികയുടെ പേർകാണിച്ച്, കത്തുകളെല്ലാം ഇംഗ്ലീഷിൽ എഴുതുക.

# Watches! Electric Lamps!



## EVER READY POCKET LAMP.

This is fitted with Superior long life dry battery and metalic filament bulb This can be kept in a pocket at the time of travelling. This can never care a ferocions cyclone also. Can be used at any time you please. Instant lighter. The top and the bottom caps are nickel pl.ted and is covered with eather in violet, green and blue colours. O.ly a little is for sale. This lamp makes an ideal present for ladies and gentlemen This can cannot occupy a space more than waist coat pocket.

Usual price Rs 6—8—0. REDUCION PRICE Rs 4.

Spare bulb Re. 1 and spare battery Rs 2



## RELIABLE SYSTEM WATCH!

This watch is quite cheap and can be used by even the poor public.. This can keep perfect time. Dial is very beautiful. Many watches are sold to its perfect work. Only few watches are ready in stock.

Usual price Rs 4/8. REDUCTION PRICE Rs 3.

Electric calling bell with wire No. 1 Rs 18
do do No. 11 Rs 15
Electric lantern with battery Rs 9.

CAN BE HAD FROM:—

*Shastry & Bros.*,
Contractor's Chawl
Girgaum. **BOMBAY**

# ഇതാ ക ൩൦൦൦൦

ഇക്കഴിഞ്ഞ ൬-മാസത്തിനുള്ളിൽ ഞങ്ങൾ ൧൪൦൦൦൦ മുടിത്തൈലക്കുപ്പികൾ ഓരോരുത്തൎക്കായി സൌജന്യം ചെയ്തുകഴിഞ്ഞു. ഞങ്ങളുടെ മുടിത്തൈലത്തിൻെറ വൈശിഷ്ട്യത്തെ പററി ബോധമുണ്ടാകുന്നതിനും ഞങ്ങളുടെ നാമധേയം നശ്വരമായി നിലനില്ക്കേണ്ടതിനുമായി ഞങ്ങൾ ഇതാ ഇപ്പോൾ ൬൦൦൦ മുടിത്തൈലക്കുപ്പികളുടെ വില മുഴുവനും സമ്മാനമാതൃകയിൽ കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നു. ഞങ്ങളുടെ വിശ്രുതമായ അയെഷ, ഷോൎഷി എന്നീ മുടിത്തൈലങ്ങൾ വാങ്ങുന്നവൎക്ക ക ൬൦൦൦൦ കിട്ടുകയും ചെയ്യും.

## —വിശേഷത മണം, ശുദ്ധി—

ഞങ്ങളുടെ മുടിത്തൈലങ്ങൾക്കുള്ള മേൽപ്പറയപ്പെട്ട ഗുണഗണങ്ങളെപ്പററി പറകയാണെങ്കിൽ അവയിൽ ഉപദ്രവകരമായ യാതൊരുവിധം എണ്ണയുടേയോ ഔഷധത്തിൻേറയോ സങ്കലനമോ സംയോജിപ്പോ ഇല്ലെന്നു ബഹുജനങ്ങൾ അറിയണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. മുടിത്തൈലങ്ങളുടെ മാതൃകയെന്നു പറയാവുന്ന അയെഷ, മുടിയെ പുഷ്ടിയോടെ വളൎത്തുകയും തലയെ തണുപ്പിച്ച് ദേഹത്തിനു ആരോഗ്യത്തെ പ്രദാനം ചെയ്കയും ചെയ്യും. കുപ്പിക്കു വില ക ൧; ൨ കുപ്പികൾക്കു ക ൨-൧൨-൦; ൬-നു ക ൫-൮-൦; ഡസന്നു ക ൧൦. സൌരഭ്യപൂൎത്തിയുള്ള ഞങ്ങളുടെ ഷോൎഷി എന്ന മുടിത്തൈലം മുടിയെ ശക്തിയിലും മിനുസത്തിലും നീളത്തിലും വളൎത്തുകയും തലയെ സംബന്ധിക്കുന്ന രോഗങ്ങളെ നീക്കിക്കളകയും ചെയ്യും. കുപ്പിക്കു ൰-ണ., ൨ കുപ്പികൾക്കു ക ൧-൬-൦; ൬ കുപ്പികൾക്കു ക ൨-൧൦-൦; ഡസന്നു ക ൫.

## —അളവ്—

സാധാരണ, തെരുവിൽ കാണുന്നപോലെ വലിയ കുപ്പികളിൽ കുറച്ചു എണ്ണമാത്രം ഒഴിച്ചു വില്ക്കുക, എന്ന പതിവ് ഞങ്ങൾക്കില്ല. ഞങ്ങളുടെ അയേഷ എന്ന കുപ്പിയിൽ ശരിക്കു ൪ ഔൺസും ഷോൎഷിയിൽ കൃത്യം ൨ ഔൺസും എണ്ണയുണ്ടായിരിക്കും. കുപ്പികൾ കമനീയമായ പെട്ടികളിൽ അടക്കം ചെയ്തിരിക്കുകയും ചെയ്യും.

## —തപാൽചിലവ് സൌജന്യം—

മുടിത്തൈലത്തിൻെറ വിലയോടുകൂടി തപാൽചിലവു ചേൎക്കാൻ ഇപ്പോൾ ഞങ്ങൾ ഭാവിക്കുന്നില്ല. മുകളിൽ കാണിച്ച വിലയ്ക്കു തന്നെ മുടിത്തൈലം കിട്ടും.

## സമ്മാനടിക്കററ്

അയെഷാ കുപ്പിയൊന്നിച്ചു രണ്ടും ഷോൎഷികുപ്പിയൊന്നിച്ചു ഒന്നും ടിക്കററുകൾ കിട്ടും. വാങ്ങുന്നവർ അവരുടെ പേരുകൾ അതിൽ എഴുതി പകുതിഭാഗം ഞങ്ങൾക്കു അയച്ചുതരണം.

അടുത്ത പേജു നോക്കുക

## ൩൦൦൦൦ കയുടെ വിസ്മയകരമായ സമ്മാനം

| | | | |
|---|---|---|---|
| ൧-ാം | സമ്മാനം | ക ൭,൦൦൦ | (൨൪ ടിക്കററു കൈവശക്കാരന്) |
| ൨-ാം | ” | ക ൬൦൦൦ | (൧൮ ” ) |
| ൩-ാം | ” | ക ൫൦൦൦ | (൧൨ ” ) |
| ൪-ാം | ” | ക ൪൦൦൦ | ( ൮ ” ) |
| ൫-ാം | ” | ക ൩൦൦൦ | ( ൬ ” ) |
| ൬-ാം | ” | ക ൨൫൦൦ | ( ൪ ” ) |
| ൭-ാം | ” | ക ൧൫൦൦ | ( ൨ ” ) |
| ൮-ാം | ” | ക ൧൦൦൦ | ( ൧ ” ) |
| | ആകെ | ക. ൩൦൦൦൦ | |

## നിങ്ങൾക്കു കിട്ടുന്നതെന്ത്?

ശാസ്ത്രരീത്യാ ഉണ്ടാക്കപ്പെടുന്ന മുടിത്തൈലവും ക ൩൦൦൦൦ യുടെ ഒരു ഓഹരിയും കിട്ടുന്നു. ജനസാമാന്യത്തിനു ഞങ്ങളുടെ മുടിത്തൈലത്തിന്റെ ശ്രേഷ്ഠതബോധ്യപ്പെടുന്നതിനു വേണ്ടിയാണ് ഞങ്ങൾ ഇങ്ങനെ സമ്മാനം ചെയ്യുന്നതു്.

## ഈ ഏർപ്പാട് എത്രകാലം നിലനില്ക്കും.

൬൦൦൦ കുപ്പി മുടിത്തൈലം ൫ മാസത്തിനുള്ളിൽ വിററഴിയുമെന്നാണു പ്രതീക്ഷ. വിചാരിക്കുന്നതിലപ്പുറമായി വില്പന ദിവസംതോറും വർദ്ധിക്കുന്നപക്ഷം എത്രകാലം ഈ ഏർപ്പാട് നില്ക്കുമെന്നു പറയാൻ വയ്യ. നിശ്ചയിക്കപ്പെട്ട കുപ്പികൾ വിററഴിയുന്നതുവരെ, അതു ഒരു മാസത്തിനുള്ളിലായാലും ശരി, മാത്രമേ ഈ ഏർപ്പാട് നിലനില്ക്കുകയുള്ളൂ. ഓരോസമ്മാനത്തുകയും അതാതു ടിക്കററുടമസ്ഥന്മാക്ക് ഭാഗിക്കപ്പെടും. അതിൽ ഒരാൾ മാത്രമെങ്കിൽ തുക മുഴുവനും അയാൾക്കു ലഭിക്കുകയും ചെയ്യും. ഇതിൽ ഒരു പങ്കു നിങ്ങൾക്കും ചേരണമെന്നുണ്ടെങ്കിൽ ഒട്ടും വൈകാതെ മുടിത്തൈലം വരുത്തിക്കൊൾക. രണ്ടാമതൊരിക്കൽക്കൂടി ഈ ഏർപ്പാടു ഉണ്ടാവുന്നതല്ല.

**DATTIN & CO,**

BOX 141

**CALCATTA.**

# പരസ്യം

## വേനൽക്കാലത്തേക്കുള്ള ഒരു വലിയ സഹായം

### അമൃതമാലകതൈലം

നിങ്ങളുടെ തലച്ചോർ എപ്പോഴും തണുത്തിരിക്കേണമോ? എന്നാൽ അമൃതമാലകതൈലം ഉപയോഗിക്കുവിൻ. നിങ്ങളുടെ നേത്രങ്ങൾക്കു കുളുൎമ്മ വേണമോ? എങ്കിൽ അമൃതബാലകതൈലം തന്നെ ഉപയോഗിക്കുവിൻ വില കുപ്പി ഒന്നുക്കു 0-12-0 ഡസന്ന് 8-0-0

### കദലികണ്ഡപാകം

നിങ്ങളുടെ ശരീരപ്രകൃതിയെ തണുപ്പിക്കേണമോ? എന്നാൽ ഞങ്ങളുടെ കദലി കണ്ഡപാകമെന്ന ഔഷധത്തെ ഉപയോഗിക്കുവിൻ.

വില കുപ്പി ഒന്നുക്കു 1-ക 8 ണ. ഡസന്ന് 15-ക.

### ജംബിരരസായനം

മൂലക്കുരു ഉണ്ടാകാതിരിപ്പാൻ നിങ്ങൾ ആഗ്രഹിക്കുന്നുവോ? എങ്കിൽ ജംബിരരസായനം സേവിക്കാതിരിക്കരുത.

കുപ്പി ഒന്നുക്കു വില 0-8-0 ഡസന്ന് 5-ക 8-ണ

### ജീവാമൃതം

നാഡിക്ഷയത്താൽ നിങ്ങൾ പീഡിതന്മാരാണോ എന്നാൽ താമസിയാതെ ജീവാമൃതത്തെ ഉപയോഗിക്കുവിൻ.

കുപ്പി ഒന്നുക്കു വില 3-ക. ഡസന്ന് 32-ക.

പാക്കിങ്ങ് പോസ്റ്റേജ പുറമെ അടുത്ത റെയിൽവെസ്റ്റേഷന്റേയും തപ്പാലാപ്പീസ്സിന്റേയും പേരറിയിക്കണം

വിലവിവര പട്ടിക ആവശ്യപ്പെട്ടാൽ സൌജന്യമായി അയച്ചുകൊടുക്കും.

മേൽവിലാസം.—

വൈദ്യരത്നം പണ്ഡിതർ ഡി. ഗോപാലചാർലു എ. വി. എസ്സ്.
എ. എം. വി.

ആയുൎവ്വേദാശ്രമം
55 അചരപ്പൻ തെരു
ജി- ടി- മദിരാശി.

ശാഖകൾ
2. തമ്പുച്ചെട്ടിത്തെരു
ബ്രോഡ്വെ

AYURVEDASRAM
55 Acharappan Street
**G. T. MADRAS.**

THE

# STANDARD PHARMACEUTICAL PRODUCTS

കുടുംബ ഔഷധങ്ങൾ.

ഇരുപതുകൊല്ലത്തെ വ്യാപാരം

ഒരിക്കൽ പരീക്ഷിക്കുക—ഗുണമറിയാം.

| | | |
|---|---|---|
| മുഖക്കുരു ഇനി ഇല്ല.<br>“അഹെൻഡാൾ”<br>മുഖത്തു ചൊറി, ചിരങ്ങ്, മുഖക്കുരു മുതലായത് ഉണ്ടെങ്കിൽ ക്ഷണം സുഖപ്പെടും.<br>കുപ്പിക്കു വില ക ൨. | മൂലക്കുരു ഇനി ഇല്ല.<br>“പൈൽമാൾ”<br>മൂലക്കുരുവിനു സിദ്ധൌഷധം. മൂന്നുപ്രാവശ്യം പുരട്ടിയാൽ അറിയാം ഫലം.<br>കുപ്പിക്കു ക ൨—൮—൦ | മേലിൽ കുരു (പരു) ഇല്ല.<br>“കുപ്ലാക്കറ”<br>കുരു, ചുണങ്ങു, അരിമ്പാറ മുതലായത് നീക്കിക്കളെവാൻ അത്യുത്തമം.<br>കുപ്പിക്കു ൧ ൨—ണ |
| ഗ്രഹണിരോഗം ഇല്ല.<br>“ഡിസ്പെപ്സിനോൾ”<br>ഗ്രഹണി, ദഹനക്കേട്, വയററിലെ മററു ക്രമക്കേടുകൾ—ഇവക്കു ഒന്നാന്തരം.<br>കുപ്പിക്കു ക ൧—൮—൦ | മലമ്പനി ഇനിഇല്ല.<br>“ഫെബ്രിഫൂഗൽ”<br>എല്ലാതരം പനിക്കും, വിശേഷിച്ച് വിറപ്പനി, ഗുന്മം മുതലായവക്കും മെച്ചം,<br>കുപ്പിക്കു ക ൧—൪—൦ | വെളുത്ത തലമുടി കാണില്ല.<br>“ഹെയർമായിൽകാമ്പൌണ്ട്”<br>കുറച്ചുനാളത്തെ ഉപയോഗം കൊണ്ടു നരച്ച തലമുടി കറുക്കും. (ചായമല്ല)<br>വില കുപ്പിക്കു ക ൨. |
| ക്ഷീണമില്ല<br>“നർവലിൻ”<br>വിശപ്പുണ്ടാക്കുക, ഉറക്കമുണ്ടാക്കുക മുതലായവക്കു ഒന്നാന്തരം, തലച്ചോറിനേയും ശരീരത്തേയും പോഷിപ്പിക്കും.<br>കുപ്പിക്കു ക ൨—൮—൦ | കുരക്കുകയില്ല.<br>“പെക്ടോറാല്യം”<br>ജലദോഷം, കുര, ഏക്കം, ശ്വാസോഛ്വാസത്തിന്നുള്ള തടവ ഇവയെല്ലാം മാററും.<br>കുപ്പിക്കു ക ൧—൮—൦ | പല്ലുവേദനയില്ല.<br>“ഒഡോൺടോൾ”<br>പല്ലുവേദനക്കു കൊണ്ടതും ശ്രുതിപ്പെട്ടതുമായ ഔഷധം.<br>കുപ്പിക്കു ക ൦—൧ ൨—൦ |

ബങ്കളൂരിലെ ഏജെണ്ട്

## The Medical Supply Company

ST. MARKS ROAD, BANGALORE CANT.



# ജീവദശയുടെ ഉൽ
# കൃഷ്ടഉദ്ദേശം

കായബലത്തേയും, മാനസശക്തിയേയും വദ്ധിപ്പിച്ച സകലഭാഗ്യവും അനുഭവിപ്പാൻ ഇടയാക്കി തീർക്കേണ്ടതു് ഈ ജീവദശയുടെ ഉൽകൃഷ്ട ഉദ്ദേശമാണല്ലൊ. ഇപ്രകാരം ചെയ്യേണ്ടത് എല്ലാവരുടേയും ധമ്മമാണ്. ഈ ജീവിതത്തിൻെറ കമ്മഫലം, ആരോഗ്യം, ധനം, സുഖം ഇവകൾ ആണ്.

# ആതങ്കനിഗ്രഹ
# ഗുളികകൾ

മേല്പറഞ്ഞ ഉൽകൃഷ്ട ഉദ്ദേശത്തെ വെളിപ്പെടുത്തീട്ടു കാലം കുറെയായി. ഈ ഗുളികകൾ ശരീരത്തിന്നും സകല അവയവങ്ങൾക്കും ഭക്ഷണമായിത്തീന്ന് അവയെ വേണ്ടത്ര പോഷിപ്പിച്ച് ഈ ജീവിതത്തേയും ജോലിയേയും സന്തോഷകരമാക്കി തീക്കുന്നു.

ഈ ഗുളികകൾ താഴെ വിവരിച്ചിരിക്കുന്ന വിലാസത്തിൽ എഴുതിയാൽ കിട്ടും

൩൨, ഗുളികകളുള്ള ൧ ടിന്നിന്നു വില ക ൧.

വൈദ്യശാസ്ത്രി, മണിശങ്കരഗോവിന്ദജി,

ആതങ്കനിഗ്രഹ ഔഷധാലയം,

൧൭൨, ൧൭൪ ബ്രോഡ് വെ, മദ്രാസ്,

സബ് അപ്പീസ് ൪൩ മൌണ്ട-റോഡ, മദ്രാസ.

# അമൃതാഞ്ജനം

(റജിസ്റ്റേഡ്)

ഒരിക്കൽ പരീക്ഷിക്കുക! വിസ്മയകരമായ സുഖപ്രാപ്തി!!

ലോകവിശ്രുതമായ

## വേദനസംഹാരി

തലവേദന, വാതം, പക്ഷവാതം, അംഗങ്ങളിൽ വേദന, മൂലക്കുരു, മുറി, ഉളുക്കു, തിപ്പൊള്ളൽ, ജലദോഷം, കുര, നീരവീഴ്ച, പല്ലുവേദന, പുറത്തുകടച്ചൽ—മുതലായ സകലവിധ വേദനകളേയും ശമിപ്പിക്കും.

ശുദ്ധമായ സസ്യവർഗ്ഗങ്ങളിൽനിന്നു ഉണ്ടാക്കിയതു്. ഇന്ത്യയിൽ ഏതു മരുന്നുഷാപ്പിലും കിട്ടും. ഒരുഡെപ്പിക്കു വില വ്യ ണ മാത്രം.

## വട്ടച്ചൊറിക്കുഴമ്പ്

വട്ടച്ചൊറിക്കു ഒന്നാന്തരം. പത്തുലക്ഷം പെട്ടികൾ ഉണ്ടാക്കിയിരിക്കുന്നു. ഒരു ഡെപ്പിക്കു വില ന്ന_ണ മാത്രം ഫ വ ഡെപ്പിക്കു ക ന—ഫ വ—ം.

## പല്ലുംപൊടി

പല്ലുകൾ ശുദ്ധിവരുത്തുക, രക്തംവരുന്നതു നിൎത്തുക മുതലായി പല്ലിനെ സംബന്ധിക്കുന്ന എല്ലാ രോഗങ്ങളും മാററി, വായ്ക്കു രുചി കൊടുക്കും. ഡെപ്പിക്കു വ_ണ. ഒരുഡസന്നു കഫ—വ—ം.

## മോഹിനിതൈലം

നല്ലവാസന. നല്ല തണുപ്പ്. മുടി വളരാൻ ഒന്നാന്തരം. ഒരു കുപ്പിക്കു ക ഠ—ഫ വ—ഠ കാവാറിൽ ഒന്നാംക്ലാസ് സബ് ജഡ്ജിയായ ആർ. ആർ. ഗഞ്ജോളി എഴുതുന്നു:— "നിങ്ങളുടെ അമൃതാഞ്ജനം പരീക്ഷിച്ചതിൽ അതു, തലവേദനയ്ക്കും, വാതത്തിനും, മൂലക്കുരുവിനും, ജലദോഷത്തിനും കുരക്കും പററിയതെന്നു ഞാൻ കണ്ടിരിക്കുന്നു."

**AMRUTANJAN DEPOT.,**

109 FRERE ROAD, BOMBAY.

7 TH MBU CHETTY STREET, MADRAS

# സ്ത്രീകൾക്കു മാത്രം

## സ്ത്രീകൾക്കു ബന്ധുലോധ്രാ

ലോധ്ര എന്ന ഈ മരുന്നു സ്ത്രീകൾക്കു സാധാരണയായി ഭേഷ്ടിയാകുന്ന സമയങ്ങളിലുണ്ടാവുന്ന കഠിനമായ വയററുനോവ്, മുട്ടനോവ് (Menstrual Páin) മുതലായതിനെ ഇല്ലാതാക്കും; ശരിയായ പക്കങ്ങളിൽ ഭേഷ്ടിയാവാതെയിരിക്കയോ (irregular Men·es) ഭേഷ്ടികാലങ്ങളിൽ അധികമൊ കുറച്ചോ ആവുകയോ (More or less discharge than usual) ഭേഷ്ടിയാവാതെയിരിക്കയോ ( bsence or Suppression of mens·s) ചെയ്യുന്നതിനെ ഭേദപ്പെടുത്തും. വെള്ളപോക്കു (Lencorrhaea) സന്താനമില്ലായ്മ (Sterility) ഇതു സംബന്ധമായ ഉപദ്രവങ്ങളേയും ശമിപ്പിക്കും. സന്താനം ഇല്ലാതെ തപിക്കുന്ന സ്ത്രീകൾ ഇതു കുറച്ചു കാലം മാത്രം സേവിച്ചാൽ അധികം താമസിയാതെ ഗർഭം ധരിപ്പാനും ഇതു സഹായിക്കും.

വലിയ കുപ്പി ൧-ക്ക ക. ൩-൦-൦ ചെറിയ ടി ക. ൧-൧൦-൦

വളരെ സ്ത്രീകൾ അശ്വത്ഥപ്രദക്ഷിണം, ഹനുമാൻ പ്രദക്ഷിണം, നാഗപ്രതിഷ്ഠ മുതലായതുകളാൽ സന്താനമുണ്ടാകാതെ, ഒടുവിൽ ഞങ്ങളുടെ 'ലോധ്രാ' എന്ന സിദ്ധൌഷധം വാങ്ങി ഉപയോഗിച്ച് രത്നം പോലെയുള്ള സന്താനം ഉണ്ടായി സുഖം അനുഭവിച്ചുവരുന്നു. സേവിച്ചുനോക്കുവിൻ!

Apply to KESARI KUTEERAM
Bunder Street, MADRAS.


# ആത്മപോഷിണി

ഒരാണ്ടത്തെ വരിസംഖ്യ മുൻകൂർ ക ൨-൨-൦

## നിബന്ധനകൾ

൧. പഴയവരിക്കാൎക്കു മാസിക വി. പി. അയയ്ക്കുമ്പോൾ വിവരം ൧൫-ാം ദിവസത്തിനു മുമ്പായി അറിയിക്കുന്നതാണു. വി. പി. കയ്യേറുന്നതിനു സമ്മതമില്ലാത്തവർ അപ്പോൾ പണം മണി യാർഡർ ചെയ്യുക.

൨. മാസിക എല്ലാവരിക്കാൎക്കും മലയാളമാസം ൩൦-ാംനു-കളിൽ അയച്ചുകൊടുക്കുന്നതായിരിക്കും. ഏതെങ്കിലും ലക്കം കിട്ടാതെവന്നാൽ വിവരം അടുത്തമാസം ൧-ാംനു-ക്കുള്ളിൽ അറിയിക്കേണ്ടതാണു. ഇങ്ങനെയല്ലാതുള്ള അപേക്ഷകൾ ഗൌനിക്കുന്നതല്ല.

൩. വരിക്കാർ കത്തെഴുതുമ്പോഴും മണിയോർഡർ അയക്കുമ്പോഴും മേൽവിലാസത്തോടു ഏററവും അടുത്തുകിടക്കുന്ന അവരവരുടെ റജിസ്റ്റർനമ്പർ പ്രത്യേകം കാണിച്ചിരിക്കേണ്ടതാണു.

൪. മേൽവിലാസം മാറേറണ്ട ഗഡുവിൽ അറിയിക്കാതിരിക്കുന്നതുനിമിത്തം വരുന്ന പിശകുകൾക്കു ഇവിടെ ഉത്തരവാദിത്വമില്ല.

ആത്മപോഷിണി മാനേജർ.